# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

## കീഴരിയൂർ ഗ്രാമ പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട് 2017-18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

e-mail: dokkd.ksad@kerala.gov.in

*(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)*

നം.കെ.എസ്.എ. കെ.കെ.ഡി.പി.1/132/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

തീയതി 14.02.2019.

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് സെക്രട്ടറി മുഖേന

കീഴരിയൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കീഴരിയൂർ ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കീഴരിയൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, ഭാഗം 3ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം. കെ.എസ്.എ. കെ.കെ.ഡി.പി.1/132/2019 തിയ്യതി: 14.02.2019.

## കോഴിക്കോട് ജില്ലയിലെ കീഴരിയൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

കോഴിക്കോട് ജില്ലയിലെ കീഴരിയൂർ ഗ്രാമ പഞ്ചായത്ത് 01.08.2017 മുതൽ 01.01.2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. അന്വേഷണക്കുറിപ്പ് അവസാനം നൽകിയതിന് മറുപടി നൽകാൻ ഓഡിറ്റ് കഴിഞ്ഞും 7 ദിവസം അധികം അനുവദിച്ചെങ്കിലും ആയത് സമർപ്പിച്ചിട്ടില്ല. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. സതീഷ് മാവേലി പുത്തൻവീട്,<br>ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 04.01.2019 മുതൽ 16.01.2019 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. കെ. പി. ഹരി | ഓഡിറ്റ് ഓഫീസർ |
| | ശ്രീ. പി. ഉണ്ണിക്കൃഷ്ണൻ | അസി. ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. ജിഷാ സാമുവൽ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി. ഇന്ദുകല. സി. വി | |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ. കെ. പി. ഗോപാലൻ നായർ | 01.04.2017 മുതൽ 31.03.2018 വരെ |
| സെക്രട്ടറി | ശ്രീ. സുരേഷ്. പി | 01.04.2017 മുതൽ 12.07.2017 വരെ |
| | ശ്രീ. ഷാജഹാൻ. എം | 13.07.2017 മുതൽ 31.03.2018 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി. സെക്രട്ടറി | ശ്രീ. കെ. സുന്ദരരാജൻ | 01.04.2017 മുതൽ 03.11.2017 വരെ |
| | ശ്രീമതി. ശ്രീവിദ്യ. വി. സി | 08.11.2017 മുതൽ 31.03.2018 വരെ |
| അസി. എഞ്ചിനീയർ | ശ്രീമതി. സിനി. പി | 01.04.2017 മുതൽ 31.03.2018 വരെ |
| കൃഷി ഓഫീസർ | ശ്രീ. അബ്ദുൾ ബഷീർ. കെ.കെ | 01.04.2017 മുതൽ 31.03.2018 വരെ |
| വെറ്ററിനറി ഓഫീസർ | ശ്രീ. മുസ്തഫ. കെ. ടി | 01.04.2017 മുതൽ 07.07.2017 വരെ |
| | ഡോ. ഷസ്ന മുഹമ്മദലി | 08.07.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ<br>(പി.എച്ച്.സി) | ഡോ. വിക്രം വി. വി | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ<br>(ആയുർവേദം) | ഡോ. ഷംസുദ്ദീൻ. കെ | 01.04.2017 മുതൽ 31.03.2018 വരെ |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. രാജീവ് ജി നായർ | 01.04.2017 മുതൽ 06.06.2017 വരെ |
| | ഡോ.ആനന്ദ്. പി. ആർ | 07.06.2017 മുതൽ 31.03.2018 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. ജമീല. ടി | 01.04.2017 മുതൽ 31.03.2018 വരെ |
| വി.ഇ.ഒ | ശ്രീമതി. ഗ്രീഷ്മ. സി.കെ | 01.04.2017 മുതൽ 31.03.2018 വരെ |
| | ശ്രീമതി. ഷിൻല. വി. ബി | 03.10.2017 മുതൽ 31.03.2018 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി. ജിഷ ഒ. കെ | 01.04.2017 മുതൽ 31.03.2018 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1<br>പൊതു അവലോകനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷികകണക്കുകളിലെ അപാകതകൾ | 1-12 |
| | ഭാഗം 2<br>വരവ് കണക്കിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 13 | പഞ്ചായത്ത് ഓഫീസിന് സമീപം അനധികൃത നിർമ്മാണം | 2-1 |
| 14 | വിജ്ഞാപനങ്ങളിൽ നിന്നും വ്യത്യസ്തമായി സഞ്ചയയിൽ നിരക്ക് രേഖപ്പെടുത്തി | 2-2 |
| 15 | തൊഴിൽനികുതി - വാണിജ്യ സ്ഥാപനങ്ങൾക്ക് ഡിമാന്റ് നോട്ടീസ് നൽകുന്നില്ല | 2-3 |
| 16 | തങ്കമല ക്വാറി – സുരക്ഷാ ക്രമീകരണം ഒരുക്കിയില്ല | 2-4 |
| | ഭാഗം 3<br>ചെലവ് കണക്കിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 17 | വനിതാ ഡി.ടി.പി. സെന്റർ /പ്രിന്റിംഗ് പ്രസ്സ് - തുടർ പ്രവർത്തനം ഓഡിറ്റിന് തെറ്റായ മറുപടി സമർപ്പിച്ചു. | 3-1 |
| 18 | അങ്കണവാടി അതിർത്തി പുനർനിർണ്ണയം - സർവ്വേ റിപ്പോർട്ട് തുടർ നടപടി ഇല്ല. | 3-2 |
| 19 | 2014 ശമ്പള വർദ്ധനവ് - പ്രൊബേഷൻ ഡിക്ലയർ ചെയ്യാതെ സർവ്വീസ് വെയിറ്റേജ് അനുവദിച്ചു. | 3-3 |
| 20 | കാർഷിക മേഖലയിലെ പദ്ധതികൾ നവകേരള പദ്ധതിയുമായി സംയോജിപ്പിച്ച് ആസൂത്രണം ചെയ്യുന്നില്ല | 3-4 |

| | | |
|---|---|---|
| 21 | തെരുവ് വിളക്ക് റിപ്പയർ - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 3-5 |
| 22 | കയർ ഭൂവസ്ത്രം - വിരിച്ച് ഒരു വർഷം പൂർത്തിയാകുന്നതിന്റെ മുൻപ് നശിച്ചു. | 3-6 |
| 23 | യഥാർത്ഥ ചെലവുകൾ ചെലവു പത്രികയിൽ ഉൾപ്പെട്ടില്ല | 3-7 |
| 24 | കുന്നോത്ത് മുക്ക് നവീനറോഡ് സൈഡ് പ്രൊട്ടക്ഷൻ - ഫൗണ്ടേഷനേക്കാൾ കൂടുതൽ അളവ് സൂപ്പർ സ്ട്രക്ചർ ചെയ്തു. | 3-8 |
| 25 | ഒരേ എസ്റ്റിമേറ്റിൽ വിവിധ റിപ്പയറുകൾക്ക് തുക നൽകി. | 3-9 |
| 26 | കന്നുകുട്ടി പരിപാലനം - വിശദാംശങ്ങൾ ലഭ്യമല്ലാത്തതും മറ്റപാകതകളും | 3-10 |
| 27 | സംരക്ഷണ ഗ്രാന്റ് റോഡിതരം - കുറഞ്ഞ ചെലവു ശതമാനം | 3-11 |
| 28 | വയോജന പാർക്ക് ഉറസ്സായ സ്ഥലത്ത് നിർമ്മാണം | 3-12 |
| 29 | സേവാഗ്രാമകേന്ദ്രം ഫർണിച്ചർ - അവശേഷിക്കുന്നവ കൈപ്പറ്റാതെ പഞ്ചായത്തിൽ സൂക്ഷിക്കുന്നു. | 3-13 |
| 30 | അഗതി- ആശ്രയ പദ്ധതിയിൽ പെട്ടവർക്ക് ഭക്ഷണ വിതരണം നടത്തുന്നില്ല. | 3-14 |
| 31 | അജൈവ മാലിന്യം കൈയ്യൊഴിയൽ - പ്രൊജക്റ്റ് നടത്തിപ്പിലെ പോരായ്മ. | 3-15 |
| 32 | മുഴുവൻ തുകയ്ക്കുള്ള മരുന്ന് ലഭിച്ചില്ല | 3-16 |
| 33 | ശമ്പള പരിഷ്കരണ കുടിശ്ശിക – ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ കുടിശ്ശിക അടവാക്കിയില്ല | 3-17 |
| | ഭാഗം 4<br>പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 34 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 35 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 36 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 37 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 38 | സ്ഥിര നിക്ഷേപം | 4-5 |
| 39 | ഓഡിറ്റ് റിക്കവറി | 4-6 |
| 40 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 41 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 42 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 43 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| 44 | അനുബന്ധം 1 | |


## ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

24.03.2017തീയതിയിലെ 1/1തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 31.03.2018 തീയതിയിലെ 8/1 തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|

| | |
|---|---|
| 31.07.2018 | 24.05.2018 |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 11.06.2018 , 12.06.2018 | കെ.എസ്.എ.കെ.കെ.ഡി/ഇ.2/1111/2018(25) തീ. 10.07.2017 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 78,46,798.54 |
| വരവ് | 3,31,41,570 |
| ആകെ | 4,09,88,368.54 |
| ചെലവ് | 3,76,81,251 |
| നീക്കിയിരിപ്പ് | 33,07,117.54 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | - | 85,73,000 | 85,73,000 | 7463843 | 1109157 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | - | 3013159 | 3013159 | 2320285 | 692874 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | - | - | - | - | - |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | - | 3995548 | 3995548 | 3745881 | 249667 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | - | 2765444 | 2765444 | 1507004 | 1258440 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | - | 4060221 | 4060221 | 3691306 | 368915 |

| | | | | | | |
|---|---|---|---|---|---|---|
| (ACR പ്രകാരം) | | | | | | |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | | - | 897160 | 897160 | 874468 | 22692 |
| സാക്ഷരത | | 446 | 37 | 483 | 10 | 473 |
| ദുരിതാശ്വാസനിധി | | - | - | - | - | - |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | - | 10752054 | 10752054 | 10752054 | - |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 11405 | 1117249 | 1128654 | 1126865 | 1789 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | അങ്കണവാടി പോഷകാഹാരം | 321409 | 506952 | 828361 | 384700 | 443661 |
| | ജലനിധി | 613981 | 1798903 | 2412884 | 1888093 | 524791 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | വിമുക്തി | - | 12500 | 12500 | - | - |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | - | 602000 | 602000 | 602000 | - |
| | ജില്ലാ പഞ്ചായത്ത് | - | 100000 | 100000 | 100000 | - |
| ബി ഫണ്ട് | | - | 28790680 | 28790680 | 28790680 | - |
| ജനറൽ പർപ്പസ് ഗ്രാന്റ് | | - | 52,09,000 | 52,09,000 | 5,65,412 | 46,43,588 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 112 | 3,47,20,249 | 80 | 2,21,83,403 | 14 | 18 | 85.36 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ഭരണചെലവുകൾ | 11405 | 1117249 | 1128654 | 1126865 | 1789 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | - | 10752054 | 10752054 | 10752054 | - |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 131880 | 248 |
| കർഷകതൊഴിലാളി പെൻഷൻ | 3608600 | 312 |
| വിധവാപെൻഷൻ | 8064500 | 683 |
| വാർദ്ധക്യകാലപെൻഷൻ | 14157400 | 1215 |
| വികലാംഗപെൻഷൻ | 2442900 | 203 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 347400 | 41 |
| വിവാഹ ധനസഹായം | 60000 | 2 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.01.2019 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധന സമയത്ത് ക്യാഷ് ചെസ്റ്റിൽ ക്യാഷ് നീക്കിയിരിപ്പ് ഉണ്ടായിരുന്നില്ല

## 1-10 ആഭ്യന്തരനിയന്ത്രണം

ഏതൊരു സ്ഥാപനത്തിന്റെയും ഭരണപരമായ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ടുകൊണ്ടുപോകുന്നതിന് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണ സംവിധാനം അനിവാര്യമാണ്. ഗ്രാമപഞ്ചായത്തിന്റെ വിവിധ മേഖലയിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ ആഭ്യന്തരനിയന്ത്രണ സംവിധാനം നിലനിർത്തുന്നതിൽ ഗ്രാമപഞ്ചായത്ത് ഏറെക്കുറെ ശ്രദ്ധിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ വരവുചെലവു കണക്ക് സൂക്ഷിപ്പും രജിസ്റ്ററുകളുടെയും രേഖകളുടെയും സുരക്ഷിതമായ സൂക്ഷിപ്പും തൃപ്തികരമാണ്. വിവിധ പദ്ധതികൾക്കായി സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പുകൾ വേർതിരിച്ച് സൂക്ഷിച്ചിട്ടുണ്ട്. വരവുകളും ചെലവുകളും കൃത്യമായി അക്കൌണ്ടു ചെയ്യപ്പെടുന്നുവെന്ന്ഉറപ്പുവരുത്തുന്നുണ്ട്. സാമ്പത്തിക ഇടപാടുകൾ രേഖപ്പെടുത്തുന്ന രജിസ്റ്ററുകൾ ഏറെക്കുറെ കൃത്യമായി തന്നെ സൂക്ഷിച്ചിട്ടുണ്ട്. ബിൽ രജിസ്റ്റർ, ചെക്ക്&ഡ്രാഫ്ററ് രജിസ്ററർ, ഡി.സി.ബി.ഇനങ്ങളുടെ ഡിമാന്റ് രജിസ്റ്ററുകൾ, എന്നിവ സൂക്ഷിച്ചിട്ടുണ്ട്. ബാങ്ക് ബുക്ക് നീക്കിയിരിപ്പുകൾ പാസ്സ്ബുക്കുകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചുപോരുന്നതിനാൽ നീക്കിയിരിപ്പു തുകയുടെ കൃത്യത ഉറപ്പാക്കാൻ സാധിച്ചിട്ടുണ്ട്.
ശമ്പളപരിഷ്കരണ കടിശ്ശികയനുവദിച്ചപ്പോൾ അധികരിച്ച നിരക്കിലുള്ള ശമ്പളത്തിന്മേൽ ഈടാക്കേണ്ട പെൻഷൻ കോൺട്രിബ്യൂഷൻ ഈടാക്കാതിരുന്നത് പ്രധാന വീഴ്ചയാണ്. പഞ്ചായത്തിന്റെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പുതിയ നികുതി നിർദ്ദേശങ്ങളൊന്നുംതന്നെ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിററി യോഗങ്ങളിൽ ഉയർന്നു വന്നിട്ടില്ല. തനത് ഫണ്ട് വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18.12.2017 | 2017 ഒക്ടോബർ-നവംബർ | 20.12.2017 |
| അക്കൗണ്ടന്റ് ജനറലിന്റെ | 10.08.2009 | 2004-05 – 2008-09 | - |

| | | | |
|---|---|---|---|
| ഓഡിറ്റ് | | | |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

ഖണ്ഡിക 1-3 ൽ പരാമർശിച്ച സാക്ഷ്യപത്രത്തിൽ ഉൾപ്പെട്ട അപാകതകളിൽ ചുവടെപ്പറയുന്നവ പരിഹരിക്കുവാൻ അവശേഷിക്കുന്നു. പ്രസ്തുത സാക്ഷ്യപത്രത്തിൽ ഉൾപ്പെടാത്ത, വാർഷികധനകാര്യ പത്രികയുമായി ബന്ധപ്പെട്ട മറ്റ് പരാമർശങ്ങൾ:

1. 2016-17 അക്കൗണ്ട് പ്രകാരം വസ്തു നികുതി കുടിശ്ശിക 284316/- രൂപയാണ്. എന്നാൽ ഡിമാന്റ് രജിസ്റ്റർ പ്രകാരം കുടിശ്ശികയായി രേഖപ്പെടുത്തിയിട്ടുള്ളത് 154903/- രൂപ മാത്രമാണ്. പഞ്ചായത്ത് കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.
2. സ്ഥാപനത്തിന്റെ ആസ്തി രജിസ്റ്ററും ബാലൻസ് ഷീറ്റിലെ ബി 11 ഷെഡ്യൂളിലെ ആസ്തിമൂല്യവും തമ്മിൽ പൊരുത്തപ്പെടുന്നില്ല.
3. പഞ്ചായത്ത് നൽകിയ 3 മാസ കാലപരിധി പിന്നിട്ട ചെക്കുകളുടെ തുക "കാലാവധി പിന്നിട്ട ചെക്കുകൾ" എന്ന ശീർഷകത്തിലേയ്ക്ക് മാറ്റി വാർഷിക കണക്കിൽ ആവശ്യമായ ക്രമീകരണം നടത്തിയിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം | ചെക്ക് നൽകിയ അക്കൗണ്ട് | വൗച്ചർ നം. & തിയ്യതി | ചെക്ക് നം. & തിയ്യതി | തുക |
|---|---|---|---|---|
| 1 | 6837 കെ.ജി.ബി.കീഴരിയൂർ | 6/31.03.2012 | ഇല്ല | 366.25 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 പഞ്ചായത്ത് ഓഫീസിനു സമീപം അനധികൃത കെട്ടിട നിർമ്മാണം – നടപടി സ്വീകരിക്കുന്നില്ല

ഫയൽ നമ്പർ : 882/017

കീഴരിയൂർ വില്ലേജിൽ റീ.സർവ്വേ നമ്പർ 141/5 ൽ പെട്ട 14.52 സെന്റ് (ഗ്രാമപഞ്ചായത്ത് വാർഡ് 3) സ്ഥലത്ത് 1010.03 എം2 വാണിജ്യ കെട്ടിടം നിർമ്മിക്കുന്നതിന് പ്രസിഡന്റ്, കേരള നജ്മത്തുൽ മുജാഹിദ് സാഗാകമ്മിറ്റി കീഴരിയൂർ 15.02.2017 ൽ ഗ്രാമപഞ്ചായത്തിന് അപേക്ഷ നൽകി. സ്ഥലം പരിശോധിച്ചതിൽ സമർപ്പിച്ച അപേക്ഷയിൽ 9 ന്യൂനതകൾ ഉള്ളതായി ഓവർസിയർ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ 10.03.2017ന് ന്യൂനത പരിഹരിയ്ക്കാൻ (എ3-882/017 നമ്പറിൽ) തിരികെ നൽകി. തുടർന്ന് അപാകത പരിഹരിച്ച് സാഗാ കമ്മിറ്റി കെട്ടിടനിർമ്മാണ പെർമിറ്റിന് അപേക്ഷ നൽകിയതായി കാണുന്നില്ല. അപാകത പരിഹരിക്കുന്നതിന് മുമ്പ് സമർപ്പിച്ച അപേക്ഷ പ്രകാരം താഴെ കൊടുത്ത നിലകളാണ് കെട്ടിടം നിർമ്മിക്കാൻ ഉദ്ദേശിച്ചത്.

സെല്ലാർ ഫ്ലോർ - 341.62 ച.മീ.

ഗ്രൗണ്ട് ഫ്ലോർ - 319.37 ച.മീ.

ഒന്നാം നില - 319.37 ച.മീ.

സ്റ്റെയർ കേസ് - 1 - 14.65 ച.മീ.

സ്റ്റെയർ കേസ് - 2 - 15.02 ച.മീ.

ആകെ 1010.03 ച.മീ.

അപേക്ഷയിൽ കാണിച്ച സ്ഥലം ഗ്രാമപഞ്ചായത്തിന്റെ തൊട്ടടുത്താണ്. ഇവിടെ മേൽ കാണിച്ച പ്രകാരം 1010.03 ച.മീ. കെട്ടിട നിർമ്മാണം പൂർത്തിയായിട്ടുണ്ട്. ഫയലും രജിസ്റ്ററുകളും പരിശോധിച്ചതിൽ താഴെ കൊടുത്ത അപാകതകൾ കാണുന്നു.

1. അനധികൃത നിർമ്മാണം

1010.03 ച.മീറ്റർ വാണിജ്യാവശ്യത്തിനുള്ള കെട്ടിടം നിർമ്മിച്ചത് ഗ്രാമപഞ്ചായത്തിന്റെ സമീപത്തായിട്ടും ആയതിന് എതിരെ യാതൊരു നടപടിയും ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. നിലവിൽ 1010.03 ച.മീ. കെട്ടിട നിർമ്മാണം പൂർത്തിയാവുകയും സെല്ലാർ ഫ്ലോറിൽ ബ്ലൂൺ ഇംഗ്ലീഷ് മീഡിയം നഴ്സറി സ്കൂളുകൾ പ്രവർത്തിക്കുകയാണ്. ഗ്രൗണ്ട് ഫ്ലോറിൽ വിവിധ സ്ഥാപനങ്ങൾ പ്രവർത്തിയ്ക്കുന്നു. കെട്ടിടനിർമ്മാണ അനുമതി നിരസിയ്ക്കാൻ 9 കാരണങ്ങളാണ് ഗ്രാമപഞ്ചായത്ത് ചൂണ്ടിക്കാട്ടിയത്.

1. കവറേജ്/എഫ്.എ.ആർ. തെറ്റ്

2. ഫയർ എൻ.ഒ.സി. ഹാജരാക്കിയില്ല.

3. സൈറ്റ് പ്ലാൻ സെറ്റ് ബാക്ക് അളവുകൾ വ്യക്തമല്ല.

4. മൊത്തം ഏരിയയ്ക്ക് അനുസരിച്ച് കാർ/ ടൂവീലർ പാർക്കിംഗ് മാർക്ക് ചെയ്തില്ല.

5. ലോഡിംഗ് അൺലോഡിംഗ് പ്ലാൻ

6. വികലാംഗർക്ക് അധികസൗകര്യം ഒരുക്കിയില്ല.

7. മതിയായ ടോയ്‌ലെറ്റ് ഇല്ല.

8. ആവശ്യമായ ആക്സസ് ഇല്ല.

9. പ്ലാനിൽ സെക്ഷൻ ഡ്രോയിംഗ്, സെല്ലാർ ഫ്ലോർ റാമ്പ്, കാർ പാർക്കിംഗ് സെക്ഷൻ കാണിച്ചിട്ടില്ല.

മേൽ അപാകതകൾ പരിഹരിയ്ക്കാതെ കെട്ടിടനിർമ്മാണം നടത്തിയത് ശരിയായ നടപടിയല്ല. ഇത്തരത്തിൽ നിർമ്മാണ പ്രവർത്തനം നടത്തുമ്പോൾ ഫീൽഡ് പരിശോധനയ്ക്ക് ചുമതലപ്പെട്ട ഉദ്യോഗസ്ഥനോ വാർഡ് മെമ്പറോ ഇക്കാര്യം ഗ്രാമ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടില്ല. അനധികൃത കെട്ടിടനിർമ്മാണത്തിന്റെ രജിസ്റ്ററിലും ഉൾപ്പെട്ടിട്ടില്ല.

2. എഫ്.എ.ആർ/കവറേജ് ഏരിയയിൽ വ്യത്യാസം

കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011, ചട്ടം 35(2)(iii) പ്രകാരം ഒന്നിൽ കൂടുതൽ കൈവശത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന കെട്ടിട സമുച്ചയത്തിന്റെ സംഗതിയിൽ, പ്ലോട്ട് 0.5 ഹെക്ടറിൽ കുറവാണെങ്കിൽ തറ വിസ്തീർണ്ണാനുപാതവും, വ്യാപ്തിയും, പരമാവധി നിയന്ത്രിത കൈവശത്തിലേത് പോലെ ആയിരിക്കും. ഇവിടെ വാണിജ്യ കെട്ടിടത്തിനായി സമർപ്പിച്ച അപേക്ഷയിൽ, സെല്ലാർ ഗ്രൗണ്ടിൽ വിദ്യാഭ്യാസസ്ഥാപനമാണ് പ്രവർത്തിക്കുന്നത്. ജി.ഒ. (പി) 81/017 തസ്വഭവ. തി. 31.10.2017 പ്രകാരം വിദ്യാഭ്യാസസ്ഥാപനം പ്രവർത്തിയ്ക്കുന്ന കെട്ടിടത്തിന്റെ കവറേജ് 35, എഫ്.എ.ആർ. 1.5 ആണ്. ഇവിടെ സ്ഥലം 14.52 സെന്റ് ആണ്. അതായത് 587.62 ച.മീറ്റർ (14.52 x 40.47 = 587.62 ച.മീ.)

അതിനാൽ കവറേജ് - (ഏതൊരു നിലയിലെയും പരമാവധി നിർമ്മിത വിസ്തീർണ്ണം X 100) /പ്ലോട്ട് വിസ്തീർണ്ണം

= (341.62/587.62) x 100 = 58.136
ഇത് അനുവദനീയമായ കവറേജ് ഏരിയയായ 35 ന് മുകളിലാണ്

എഫ്.എ.ആർ.= എല്ലാ നിലയിലെയും പരമാവധി നിർമ്മിത വിസ്തീർണ്ണം/പ്ലോട്ട് വിസ്തീർണ്ണം

= 1010.03/587.62 = 1.7188

അനുവദനീയമായ എഫ്.എ.ആർ. 1.5, ഓരോ ച.മീറ്ററിന് 5000 രൂപ അധിക ഫീയോടു കൂടി അനുമതി നൽകാവുന്ന എഫ്.എ.ആർ. 1.75 ആണ്. ഇവിടെ എഫ്.എ.ആർ 2188 അധികമാണ്. അതിനാൽ അധികഫീസായി 642856 രൂപ (.2188 x 587.62 x 5000 = 642856) ഈടാക്കാനുണ്ട്. എന്നാൽ കവറേജ് ഏരിയ കൂടുതലായതിനാൽ ഇത്തരത്തിൽ റഗുലറൈസ് ചെയ്യാനാവില്ല. അധികം നിർമ്മിച്ച കെട്ടിടഭാഗം പെർമിറ്റ് റഗുലറൈസ് ചെയ്യുന്ന സമയത്ത് പൊളിച്ച് കളയാൻ നിർദ്ദേശിക്കേണ്ടതും അനുവദനീയമായ കവറേജ് ഏരിയയിൽ നിലനിർത്തുന്ന

കെട്ടിടത്തിന്റെ എഫ്.എ.ആർ. കണക്കാക്കി അധിക ഫീസ് കണക്കാക്കി ഈടാക്കേണ്ടതുമാണ്.

3. ഇതേ സ്ഥലത്ത് മറ്റൊരു കെട്ടിടം

5 മുറി ഗ്രൗണ്ട് ഫ്ലോർ ഉൾപ്പെടെ മൂന്ന് നില കെട്ടിടം ഇതേ സ്ഥലത്ത് ഈ കെട്ടിടത്തിനോട് ചേർന്ന് നിലനിൽക്കുന്നുണ്ട്. അന്വേഷണത്തിൽ ഈ കെട്ടിടം (ഗ്രൗണ്ട് ഫ്ലോർ) 2000 ൽ പ്രവൃത്തി ചെയ്തതാണെന്നും, അക്കാലത്ത് കെട്ടിടനിർമ്മാണ ചട്ടം, ഗ്രാമപഞ്ചായത്തിന് ബാധകമല്ലാത്തതിനാൽ പെർമിറ്റ് എടുത്തിട്ടില്ല എന്നും വ്യക്തമാക്കി. തുടർന്ന് ഒന്നും രണ്ടും നില 2010 ന് ശേഷമാണ് നിർമ്മിച്ചത്. ഇതിന് നിർമ്മാണപെർമിറ്റ് അനുവദിച്ചതായി കാണുന്നില്ല. പ്രസ്തുത സ്ഥലത്ത് ഈ മൂന്ന് നില കെട്ടിടം കൂടി പരിഗണിക്കുമ്പോൾ കവറേജ് ഏരിയ , എഫ്.എ.ആർ. എന്നിവ കൂടുതൽ വ്യത്യാസം വരാനിടയുണ്ട്. ഈ പ്ലോട്ടിൽ മുമ്പ് നിർമ്മിച്ച മൂന്ന് നില കെട്ടിടം, മറച്ച് വെച്ച്, പുതിയ കെട്ടിടത്തിന് ഒരുമിച്ച് അപേക്ഷ നൽകിയത് ഗ്രാമപഞ്ചായത്ത് അപേക്ഷകന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുമില്ല. അപാകത പരിഹരിച്ച് അധിക ഫീസ് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 2-2 വിജ്ഞാപനങ്ങളിൽ നിന്നും വ്യത്യസ്തമായി സഞ്ചയയിൽ നിരക്ക് രേഖപ്പെടുത്തി

സ.ഉ 19/11, 20/11 തീ. 14.01.2011 പ്രകാരം ഗ്രാമ പഞ്ചായത്തിന്റെ വസ്തുനികതി സംബന്ധിച്ച പ്രാഥമിക, ദ്വിതീയ, തൃതീയ മേഖലകളിൽ വരുന്ന പ്രദേശങ്ങളും റോഡുകളുടെ തരമനുസരിച്ചുള്ള പട്ടികയും, ഉപയോഗക്രമമനുസരിച്ച് ഓരോയിനം കെട്ടിടത്തിനും ചുമത്തേണ്ട നികുതിയും ഉൾപ്പെടുത്തിക്കൊണ്ടുള്ള കരട് വിജ്ഞാപനം 26.07.2011 ലെ എ1-2513/2011, അന്തിമ വിജ്ഞാപനം 01.02.2011 ലെ എ1-2513/2011 എന്നിവ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.

കരട്, അന്തിമ വിജ്ഞാപനങ്ങളിൽ മൊബൈൽ ടെലഫോൺ ടവറുകൾക്ക് വസ്തുനികുതി നിരക്ക് 500/- രൂപയാണ്. എന്നാൽ ഇതിൽ നിന്നും വ്യത്യസ്തമായി സഞ്ചയ സോഫ്റ്റ് വെയറിൽ മൊബൈൽ ടെലഫോൺ ടവറിന്റെ നികുതിയായി രേഖപ്പെടുത്തിയിരിക്കുന്നത് 400/- രൂപയാണ്. നിരക്ക് 100/- രൂപ കുറവുചെയ്തത് സംബന്ധിച്ച് തീരുമാനമെടുത്തത് സംബന്ധിച്ച രേഖകൾ ഹാജരാക്കിയിട്ടില്ല. 2013 വർഷം മുതൽ ഗ്രാമ പഞ്ചായത്തിൽ സഞ്ചയ സോഫ്റ്റ് വെയർ വിന്യസിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ നിലവിൽ മൊബൈൽ ടെലഫോൺ ടവർ ഇല്ലാത്തതിനാൽ നികുതിയിനത്തിൽ നഷ്ടം സംഭവിച്ചിട്ടില്ല. നികുതി നിരക്ക് കുറയാനുണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതും, അപാകത പരിഹരിക്കേണ്ടതുമാണ്.

## 2-3 തൊഴിൽനികുതി - വാണിജ്യ സ്ഥാപനങ്ങൾക്ക് ഡിമാന്റ് നോട്ടീസ് നൽകുന്നില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 205(ബി) പ്രകാരം ഗ്രാമ പഞ്ചായത്ത് നികുതിയ്ക്ക് വിധേയരായവരുടെ ലിസ്റ്റ് സമർപ്പിക്കാൻ ഏതെങ്കിലും കെട്ടിടത്തിന്റെയോ, ഭൂമിയുടെയോ ഉടമസ്ഥനോടോ അല്ലെങ്കിൽ കൈവശക്കാരനോടോ സെക്രട്ടറിയ്ക്ക് നോട്ടീസ് മൂലം ആവശ്യപ്പെടാവുന്നതാണ്. ഇതേ നിയമം 205(സി), 205(എഫ്), 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 10, 13 എന്നിവ പ്രകാരം തൊഴിലുടമയോടോ, അവരുടെ പ്രതിനിധികളോടോ ലിസ്റ്റ് സമർപ്പിക്കുന്നതിനും, ഓരോ അർദ്ധവർഷവും, മെയ് മാസത്തിലും, നവംബർ മാസത്തിലും ഏതൊരു ഓഫീസ് മേധാവിയോടും തൊഴിലുടമയോടും തന്റെ സ്ഥാപനത്തിലെ തൊഴിൽ നികുതി നൽകാൻ ബാദ്ധ്യസ്ഥരായ എല്ലാ ജീവനക്കാരുടെയും നികുതി തിട്ടപ്പെടുത്തുന്നതിനും തൊഴിൽ നികുതി അടയ്ക്കുന്നതിനുമായി സെക്രട്ടറിയ്ക്ക് നോട്ടീസ് മൂലം ആവശ്യപ്പെടാവുന്നതാണ്.

ഗ്രാമപഞ്ചായത്തിലെ വ്യാപാരികളോട് തൊഴിൽനികുതി ഈടാക്കാവുന്ന വരുമാനം /ടേൺഓവർ കാണിക്കുന്ന റിട്ടേൺ സമർപ്പിക്കാൻ നോട്ടീസ് നൽകുന്നില്ല. നിലവിൽ ഡി. ആന്റ് ഒ. ലൈസൻസ് ഫീ അടവാക്കുന്നവരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുകയാണ് ചെയ്യുന്നത്. റിട്ടേൺ സമർപ്പിക്കാത്തതിനാൽ നികുതി നിരക്ക് കണക്കാക്കുന്നതിനു സ്വീകരിച്ച മാനദണ്ഡം വ്യക്തമല്ല. കൂടാതെ ഡി. ആന്റ് ഒ. ലൈസൻസിനു അപേക്ഷിക്കുമ്പോൾ അതത് സാമ്പത്തികവർഷത്തെ തൊഴിൽനികുതി ഒറ്റ തവണയായി ഈടാക്കുന്ന രീതിയാണ് അവലംബിച്ചുവരുന്നത്. ഇത് ഒഴിവാക്കി വരുമാനം/ടേൺഓവർ കാണിക്കുന്ന പത്രികകൾ സമർപ്പിക്കാൻ സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകുന്നതിനും വരുമാന പത്രികയുടെ അടിസ്ഥാനത്തിൽ വാണിജ്യ സ്ഥാപനങ്ങളുടെയും അവയിലെ ജീവനക്കാരുടെയും തൊഴിൽ നികുതി ഈടാക്കേണ്ടതുമാണ്. കൂടാതെ, പഞ്ചായത്ത് പരിധിയിലുള്ള വാണിജ്യ/ ഓഫീസ്/ വ്യവസായ കെട്ടിടങ്ങളുടെ എണ്ണവും ഡി ആന്റ് ഒ, തൊഴിൽ നികുതി ഈടാക്കിയ സ്ഥാപനങ്ങളുടെ എണ്ണവും തമ്മിൽ വ്യത്യാസമുള്ളതായി കാണുന്നു. സഞ്ചയ സോഫ്റ്റ്‌വേർ പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ 898 (വാണിജ്യ/ വ്യാവസായിക/ ഓഫീസ് ) കെട്ടിടങ്ങൾ ഉൾപ്പെട്ടിട്ടും ഡി ആന്റ് ഒ/ തൊഴിൽ നികുതി (ട്രേഡേഴ്സ്) പരിധിയിൽ 135 സ്ഥാപനങ്ങളാണ് ഉൾപ്പെട്ടിട്ടുള്ളത്. അതായത് 15% മാത്രമാണ് ലൈസൻസ് പരിധിയിൽ

ഉൾപ്പെട്ടിട്ടുള്ളത്. ലൈസൻസ് അനുവദിച്ചവയുടെയും സഞ്ചയയിലെ കെട്ടിടങ്ങളുടെ എണ്ണവും തമ്മിൽ വലിയ വ്യത്യാസം നിലനിൽക്കുന്നു. മേൽ വിഷയം ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ ശ്രദ്ധയിൽപെടുത്തുന്നു.

## 2-4 തങ്കമല ക്വാറി - സുരക്ഷാ ക്രമീകരണം ഒരുക്കിയില്ല

ഗ്രാമ പഞ്ചായത്തിലെ ഒന്നാം വാർഡിൽ റീസർവ്വെ 80/1A1 ൽ 4.0469ഹെക്ടറിൽ പ്രവർത്തിച്ചു വരുന്ന തങ്കമല ക്വാറിയുടെ (പയ്യോളി ഗ്രാനൈറ്റ്സ് പ്രൈവറ്റ് ലിമിറ്റഡ്) ലൈസൻസ് പുതുക്കി നൽകുന്നതിനായി ശ്രീ. ഐസക്ക് ജേക്കബ് 01.02.2018 തീയതിയിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ഈ ക്വാറിയുടെ പ്രവർത്തനം കാരണം ജനങ്ങൾക്ക് ബുദ്ധിമുട്ട് നേരിടുന്നുണ്ടെന്ന 22.12.2017ന് ജനകീയ സമരസമിതി സമർപ്പിച്ച പരാതി ഗ്രാമപഞ്ചായത്തിൽ നിലനിൽക്കുന്നുണ്ട്. ഈ വിഷയത്തിൽ 30.01.2018 ൽ ഒന്നാം വാർഡിൽ പ്രത്യേക ഗ്രാമസഭ ചേർന്നതായും കാണുന്നു. 14.02.2018 ലെ 5(1)ാം നം തീരുമാന പ്രകാരം 2018-19 മുതൽ ലൈസൻസ് പുതുക്കി നൽകേണ്ടെന്ന് തീരുമാനിക്കുകയും ആയത് 16.02.2018 ലെ B3.557/18 നം. കത്ത് മുഖേന അപേക്ഷകനെ അറിയിക്കുകയും ചെയ്തു. സർക്കാരിന്റെ 278/RC/3/16/LSGD തീ. 30.07.2016 പ്രകാരം ടി സ്ഥലത്ത് ക്വാറി പ്രവർത്തിക്കുന്നതിന് സുരക്ഷിതമായ മതിൽ അല്ലെങ്കിൽ സമാനമായ സുരക്ഷാ ക്രമീകരണം ഒരുക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. അപേക്ഷകൻ ഈ വിഷയത്തിൽ ബഹു. ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയും, WP(C) 7502/2018(K) തീ. 14.03.2018 പ്രകാരം ലൈസൻസ് ഫീ ഈടാക്കി 3 ആഴ്ചക്കുള്ളിൽ ഉത്തരവ് നൽകാൻ ബഹു. കോടതി സെക്രട്ടറിയോട് ആവശ്യപ്പെടുകയും ആയതിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് നൽകുകയും ചെയ്തിട്ടുണ്ട്.

ഗ്രാമ പഞ്ചായത്ത് ബഹു. ഹൈക്കോടതിയിൽ സമർപ്പിച്ച സ്റ്റേറ്റ്മെന്റിന്റെ പകർപ്പ് പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല. അപേക്ഷകൻ ശ്രീ.ഐസക്ക് ജേക്കബ് സമർപ്പിച്ച സത്യവാങ്മൂലത്തിൽ (12.02.2018 ൽ) ക്രമ നം. (2) ൽ ക്വാറി ഓപ്പറേഷൻ തുടങ്ങുന്നതിന് മുമ്പായി സുരക്ഷിതമായ ചുറ്റമതിൽ നിർമ്മിക്കുമെന്നും ആവശ്യമായ സുരക്ഷാ ക്രമീകരണങ്ങൾ ഒരുക്കുന്നതാണെന്നും പരാമർശിച്ചിട്ടുണ്ട്. 14.03.2018 ലെ B3.557/2018 നമ്പറായി അപേക്ഷകന് നൽകിയ കത്തിൽ ഗ്രാമ പഞ്ചായത്ത് 14.02.2018 ന് നടത്തിയ സ്ഥല പരിശോധനയിൽ സത്യവാങ്മൂലത്തിൽ പരാമർശിച്ച തരത്തിലുള്ള സുരക്ഷാ ക്രമീകരണം ഒരുക്കിയിട്ടില്ല എന്ന് പറയുന്നുണ്ട്. അഫിഡവിറ്റിൽ പറഞ്ഞ പ്രകാരമുള്ള സുരക്ഷാ ക്രമീകരണം നിലവിൽ ഒരുക്കിയിട്ടുണ്ടോ എന്നത് സംബന്ധിച്ച പരിശോധന നടത്തി വിവരം റിപ്പോർട്ട് ചെയ്യേണ്ടതും, അല്ലെങ്കിൽ നിയമനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

# ഭാഗം-3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 വനിതാ ഡി.ടി.പി. സെന്റർ /പ്രിന്റിംഗ് പ്രസ്സ് - തുടർ പ്രവർത്തനം ഓഡിറ്റിന് തെറ്റായ മറുപടി സമർപ്പിച്ചു.

2008-09 വർഷത്തിൽ ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണം ചെയ്ത വനിതാ ഡി.ടി.പി. സെന്റർ/പ്രിന്റിംഗ് പ്രസ്സ് എന്ന തൊഴിൽ യൂണിറ്റിന് 80428 രൂപ സബ്സിഡി അനുവദിച്ചിരുന്നു. കീഴരിയൂർ ഗ്രാമീണ ബാങ്കിൽ നിന്ന് 125000 രൂപ വായ്പയെടുത്ത് പഞ്ചായത്ത് ഓഫീസിനകത്തെ മുറിയിൽ സൗകര്യമേർപ്പെടുത്തുകയും (ഇപ്പോൾ സ്റ്റോർ റൂം) പ്രസ്സിന് വേണ്ട സാധനങ്ങൾ വാങ്ങുകയും ചെയ്തു. പഞ്ചായത്തിലെ വിവിധ കുടുംബശ്രീയിലെ 5 എസ്.സി. വനിതകളെ കണ്ടെത്തി യൂനിറ്റിന്റെ പ്രവർത്തനം ആരംഭിച്ചു. രാജലക്ഷ്മി, സുധ, റീന, സ്മിത എന്നിവർ ആണ് ഇത്തരത്തിൽ കണ്ടെത്തിയ വനിതകൾ. ഗ്രാമപഞ്ചായത്തിനകത്തെ മുറിയ്ക്ക് എഗ്രിമെന്റിൽ ഏർപ്പെടുകയും പ്രവർത്തനമാരംഭിക്കുകയും ചെയ്ത യൂനിറ്റിന് 2010 വർഷത്തിൽ പുതിയ ഭരണസമിതി നിലവിൽ വന്നപ്പോൾ എഗ്രിമെന്റ് പുതുക്കി നൽകാതെ, റൂം ഒഴിഞ്ഞ് കൊടുക്കാൻ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ യൂണിറ്റ് പ്രവർത്തിപ്പിയ്ക്കാൻ കഴിഞ്ഞില്ല എന്ന് 04.09.2016 ന് ബഹു. തൊഴിൽ വകുപ്പ് മന്ത്രിയ്ക്ക് നൽകിയ നിവേദനത്തിൽ ചൂണ്ടിക്കാട്ടുന്നു. പ്രവർത്തനം നിശ്ചലമായതിനാൽ ലോൺ തുക 220000 രൂപ അടയ്ക്കാൻ നിർവ്വാഹമില്ലെന്നും ബാങ്ക് ജപ്തി നടപടിയ്ക്ക് പോകുന്നത് ഒഴിവാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കാനുമാണ് നിവേദനത്തിൽ വ്യക്തമാക്കിയത്.

മേൽ നിവേദനം സംബന്ധിച്ച വിശദമായ റിപ്പോർട്ട്, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോട് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 05.01.2017 ൽ പഞ്ചായത്ത് ഭരണസമിതി ഇക്കാര്യം ചർച്ച ചെയ്യുകയും തുടർ നടത്തിപ്പിന്റെ പരിപൂർണ്ണ ചുമതല/ബാധ്യത തൊഴിൽ യൂണിറ്റിലെ അംഗങ്ങൾക്ക് മാത്രമായതിനാൽ ഗ്രാമപഞ്ചായത്തിന് ഏറ്റെടുക്കാനാവില്ലെന്നും യൂനിറ്റ് പ്രവർത്തനക്ഷമമാക്കുന്നതിനായി പഞ്ചായത്തിൽ സ്ഥലസൗകര്യം ലഭ്യമാകുന്ന മുറയ്ക്ക് ലഭ്യമാക്കാനും തീരുമാനിച്ചു.

ഫയൽ പരിശോധിച്ചതിൽ താഴെ കൊടുത്ത അപാകത കാണുന്നു.

1. വായ്പ ഉൾപ്പെടെ 205428 രൂപ ചെലവഴിച്ച് ആരംഭിച്ച യൂനിറ്റ് ഇപ്പോൾ പ്രവർത്തനക്ഷമമല്ല. ആയതിലേയ്ക്ക് ഉപകരണങ്ങൾ 8 വർഷമായി പഞ്ചായത്ത് ഓഫീസിൽ നശിച്ച് കൊണ്ടിരിക്കുകയാണ്. യൂനിറ്റ് പ്രവർത്തിയ്ക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. 2008-09 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-4(4) ആയി യൂണിറ്റ് പ്രവർത്തിക്കാത്തത് സംബന്ധിച്ച് പരാമർശിച്ചിട്ടുണ്ട്. ഓഡിറ്റിന് നൽകിയ 02.06.2018 ലെ മറുപടിയിൽ കാലപ്പഴക്കം കാരണം ഉപകരണങ്ങൾ പൂർണ്ണമായും പ്രവർത്തനസജ്ജമല്ല എന്നും, അടുത്ത വാർഷികപദ്ധതിയിൽ (2019-20) യന്ത്രങ്ങളുടെ പ്രവർത്തനം പരിശോധിച്ച് ഉണഭോക്താക്കളെ കണ്ടെത്തി പ്രവർത്തനം പുനരുജ്ജീവിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ് എന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ 2019-20 വർഷത്തെ വാർഷിക പദ്ധതിയിൽ ഇത്തരത്തിൽ ഒരു പദ്ധതിയും വിഭാവനം ചെയ്തിട്ടില്ല. തുടർ പ്രവർത്തനങ്ങൾ ചെയ്യാതെ ഓഡിറ്റിന് തെറ്റായ മറുപടി നൽകിയത് ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-2 <u>അങ്കണവാടി അതിർത്തി പുനർനിർണ്ണയം - സർവ്വേ റിപ്പോർട്ട് തുടർ നടപടി ഇല്ല.</u>

ഗ്രാമപഞ്ചായത്തിലെ 11-ാം വാർഡിലെ മണ്ണാടിക്കുന്ന് പ്രദേശത്ത് (റീ സർവ്വേ നമ്പർ 113/9) സ്ഥിതി ചെയ്യുന്ന 12-ാം നമ്പർ അങ്കണവാടിയുടെ ഭൗതികസാഹചര്യം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ചുറ്റുമതിൽ നിർമ്മാണത്തിനും, പുതിയ കെട്ടിടം നിർമ്മിക്കുന്നതിനും ഭൂമി അളന്ന് തിട്ടപ്പെടുത്തിത്തരുവാൻ അങ്കണവാടി വർക്കറായ ശ്രീമതി. പ്രബല.പി.എ. 06.03.2017 ന് പഞ്ചായത്തിൽ അപേക്ഷ നൽകിയിട്ടുണ്ട്. ആധാരപ്രകാരം നിലവിലുള്ള 5 സെന്റ് സ്ഥലത്ത് അങ്കണവാടിയ്ക്ക് പിറകിൽ താമസിക്കുന്നവർ (അങ്കണവാടി സ്ഥലത്ത് കൂടി) റോഡ് വെട്ടിയിരിക്കുകയാണ്. അത് മൂലം അങ്കണവാടിയ്ക്ക് ലഭിച്ച ഊഞ്ഞാൽ, സീസോ എന്നിവ സ്ഥലപരിമിതി മൂലം ഫിറ്റ് ചെയ്യാൻ കഴിയുന്നില്ല എന്നും അപേക്ഷയിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. സ്ഥലം സർവ്വേ ചെയ്യാൻ താലൂക്ക് സർവ്വെയർക്ക് കത്ത് നൽകുകയും കൊയിലാണ്ടി താലൂക്ക് ഭൂരേഖ അഡീഷണൽ തഹസിൽദാരുടെ കെ.3/6428/17 നമ്പർ ഉത്തരവ് പ്രകാരം സ്ഥലം സർവ്വേ ചെയ്തു. 25.02.2018 ലെ കെ3/10818/017 നമ്പർ കത്തിൽ സ്ഥലം പ്രത്യേകം സബ്ഡിവിഷൻ ചെയ്തിട്ടില്ല എന്നും പ്രസ്തുത ഭൂമിയ്ക്കും തൊട്ടടുത്ത കൈവശഭൂമിയ്ക്കും പ്രത്യേകം അതിർത്തികൾ ഇല്ലെന്നും, പഞ്ചായത്ത് മെമ്പർ, അതിർത്തി കൈവശക്കാർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ കാണിച്ച് കൊടുത്ത അതിർത്തി പ്രകാരം ഭൂമിയിൽ അതിർത്തി നിർണ്ണയിച്ച് നൽകിയതായും അറിയിച്ചു.

അതിർത്തി നിർണ്ണയിച്ച സ്ഥലത്ത് ചുറ്റുമതിൽ കെട്ടി ഭൂമി സംരക്ഷിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-3 <u>2014 ശമ്പള വർദ്ധനവ് - പ്രൊബേഷൻ ഡിക്ലയർ ചെയ്യാതെ സർവ്വീസ് വെയിറ്റേജ് അനുവദിച്ചു.</u>

ഗ്രാമപഞ്ചായത്തിലെ എൽ.ഡി. ക്ലാർക്ക് ശ്രീമതി. സക്കീന.വി.വി. 04.05.2005 ലാണ് സേവനത്തിൽ പ്രവേശിച്ചത്. ഡിപ്പാർട്ട്മെന്റൽ ടെസ്റ്റ് (എം.ഒ.പി.) പാസ്സാവാത്തതിനാൽ രണ്ടാമത്തെ ഇൻക്രിമെന്റ് അനുവദിച്ചിരുന്നില്ല. (പ്രൊബേഷൻ ഡിക്ലയർ ചെയ്തിട്ടില്ല). ജി.ഒ.(പി) 7/016 ഫിൻ. തി. 20.01.2016 ലെ ശമ്പളപരിഷ്കരണ ഉത്തരവ് പ്രകാരം 01.07.2014 മുതൽ ജീവനക്കാരിയ്ക്ക് 19000-43600 ശമ്പളസ്കെയിലിൽ 22800 രൂപ ശമ്പളം അനുവദിച്ചിട്ടുണ്ട്. പ്രസ്തുത ശമ്പളം ഓഡിറ്റ് തിയ്യതി വരെ തുടർന്ന് വരുന്നുണ്ട്. മേൽ ഉത്തരവ് അനക്സർ 2 ഉപഖണ്ഡിക 11 പ്രകാരം സേവനത്തിൽ പ്രവേശിച്ച് പ്രൊബേഷൻ ഡിക്ലയർ ചെയ്യാത്ത ജീവനക്കാർക്ക്, 01.07.2014 ന് വാങ്ങുന്ന ശമ്പളത്തിനനുസരിച്ച് പരിഷ്കരണം നടത്താമെന്നും, പ്രൊബേഷൻ പൂർത്തിയാകുന്ന മുറയ്ക്ക് തടഞ്ഞ് വെച്ച ഇൻക്രിമെന്റ് നോഷണലായി പരിഗണിച്ച് സർവ്വീസ് വെയിറ്റേജ് നൽകിയ ശമ്പളം പുനർ നിർണ്ണയിക്കാമെന്നും നിഷ്കർഷിക്കുന്നു. മേൽ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ശ്രീമതി.സക്കീനയ്ക്ക് താഴെ കൊടുത്ത പ്രകാരമാണ് ശമ്പളം കണക്കാക്കേണ്ടത്.

| | |
|---|---|
| 01.07.2014 ൽ 9940-16580 രൂപ സ്കെയിലിൽ ശമ്പളം | 11020 |
| ക്ഷാമബത്ത 80 % | 8816 |
| ഫിറ്റ്മെന്റ് (1322 രൂപ എന്നാൽ മിനിമം 2000 രൂപ അനുവദിക്കാവുന്നതാണ് | 2000 |
| വെയിറ്റേജ് | -- |

| | |
|---|---|
| ആകെ | 21836 |
| പുതുക്കിയ ശമ്പളസ്കെയിൽ 19000-43600 ൽ അടുത്ത സ്റ്റേജ് | 22200 |
| 01.07.2014 ൽ പുതുക്കിയ ശമ്പളം | 22200 |

22,200/- രൂപയ്ക്ക് പകരം 01.07.2014 ന് 22,800 രൂപയാണ് അടിസ്ഥാന ശമ്പളമായി അംഗീകരിച്ച് അനുവദിച്ചു പോരുന്നത്. 01.07.2014 മുതൽ നാളിതുവരെയുള്ള അധികം അനുവദിച്ച തുക നിയമാനുസൃത ക്ഷാമബത്ത സഹിതം തിരികെ ഈടാക്കേണ്ടതാണ്. വിശദാംശം താഴെ ചേർക്കുന്നു.

| ക്രമ നം | കാലയളവ് | ഇൻക്രിമെന്റ് | ക്ഷാമബത്ത | ആകെ |
|---|---|---|---|---|
| 1 | 01.07.2014 – 31.12. 2014 | 600 x 6 = 3600 | - | 3600 |
| 2 | 01.01.2015 – 30.06.2015 | 600 x 6 = 3600 | 3% =108 | 3708 |
| 3 | 01.07.2015 – 31.12.2015 | 600 x 6 = 3600 | 6% = 216 | 3816 |
| 4 | 01.01.2016 – 30.06.2016 | 600 x 6 = 3600 | 9%=324 | 3924 |
| 5 | 01.07.2016 – 31.12.2016 | 600 x 6 = 3600 | 12% = 432 | 4032 |
| 6 | 1.1.2017-30.06.2017 | 600 x 6 = 3600 | 14%=504 | 4104 |
| 7 | 01.07.2017 – 31.12.2018 | 600 x 18 = 10800 | 15% = 1620 | 12420 |
| ആകെ | | | | 35604 |

അധികം അനുവദിച്ച 35604 രൂപ കൂടാതെ ശമ്പള പരിഷ്കരണ കുടിശ്ശിക നിയമാനുസൃത പലിശ സഹിതമാണ് പ്രോവിഡണ്ട് ഫണ്ടിലും 4ാം ഗഡു ക്യാഷായും അനുവദിച്ചത്. ഈ പലിശ കൂടി ഈടാക്കി ഗ്രാമ പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

2. ശ്രീമതി സക്കീന 04.05.2005 ൽ സേവനത്തിൽ പ്രവേശിച്ചെങ്കിലും പ്രൊബേഷൻ പൂർത്തിയാക്കിയിട്ടില്ല. പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് നൽകിയതായി സേവന പുസ്തകത്തിൽ രേഖപ്പെടുത്തി കാണുന്നില്ല. കെ.എസ്. & എസ്.എസ് ആർ പാർട്ട് രണ്ട് ചട്ടം 21 പ്രകാരം നിശ്ചിത സമയത്തിനുള്ളിൽ പ്രൊബേഷൻ പൂർത്തിയാക്കുവാൻ സാധിക്കാതെ വരുമ്പോൾ പരമാവധി ഒരു വർഷം വരെ നിയമനാധികാരിക്കും അതിന് ശേഷം സർക്കാരിനും പ്രൊബേഷൻ കാലം ദീർഘിപ്പിച്ച് നൽകാവുന്നതാണ്. ടിയാൾ സേവനത്തിൽ പ്രവേശിച്ച് ഓഡിറ്റ് തീയതി വരെ (2019 ജനവരി) 13 വർഷക്കാലത്തിലധികമായി സേവനത്തിലുണ്ട്. എന്നാൽ സർക്കാർ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് നൽകിയതായോ ആയതിനുള്ള നടപടിക്രമം ഗ്രാമ പഞ്ചായത്ത് സ്വീകരിച്ചതായോ കാണുന്നില്ല. അംഗീകരിച്ച പ്രൊബേഷണർ അല്ലാതെ സേവനത്തിൽ ഉടരുന്നതിന് വിശദീകരണം നൽകേണ്ടതാണ്.

## 3-4 കാർഷിക മേഖലയിലെ പദ്ധതികൾ നവകേരള പദ്ധതിയുമായി സംയോജിപ്പിച്ച് ആസൂത്രണം ചെയ്യുന്നില്ല

സർക്കാർ ഉത്തരവ് നമ്പർ (എം.എസ്) 72/2017/ത.സ്വ.ഭ.വ., തിയ്യതി: 29.03.2017 പ്രകാരം പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലുൾപ്പെടുത്തി പ്രോജക്ടുകൾ തയ്യാറാക്കുമ്പോൾ പ്രസ്തുത ഉത്തരവിലെ ഖണ്ഡിക 12 ൽ വിവരിച്ചിട്ടുള്ള വിവിധ മേഖലകൾക്കുള്ള പ്രത്യേക നിർദ്ദേശങ്ങൾ പാലിക്കപ്പെടണം എന്ന് നിഷ്കർഷിക്കുന്നു. മേൽ ഉത്തരവു പ്രകാരം കാർഷിക മേഖലയിലെ ഇടപെടലുകൾ ഹരിത കേരള മിഷന്റെ പ്രവർത്തനങ്ങളുമായി സംയോജിപ്പിച്ച് ആസൂത്രണം ചെയ്യണം. മണ്ണ്, ജലസംരക്ഷണം, പരിസ്ഥിതി സംരക്ഷണം, നീർത്തട പരിപാലനം, വനവത്കരണം എന്നിവയുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ പ്രോത്സാഹിപ്പിക്കണം. ജൈവകൃഷിയും, ജൈവവളങ്ങളുടേയും ജൈവകീടനാശിനികളുടേയും ഉത്പാദനവും, ഉപയോഗവും പ്രോത്സാഹിപ്പിക്കുന്നതും, കാർഷിക വിളകളുടെ മൂല്യ വർദ്ധിത ഉത്പന്നങ്ങൾ പ്രോത്സാഹിപ്പിക്കുന്നതുമായ പ്രോജക്ടുകൾക്ക് പരിഗണന നൽകേണ്ടതും, പഴം, പച്ചക്കറി എന്നിവയുടെ വിപണനത്തിന് പരമ്പരാഗത ചന്തകൾ, നാടൻ ചന്തകൾ, മറ്റ് വിപണന സംവിധാനങ്ങൾ എന്നിവയുടെ പ്രവർത്തനം ഊർജ്ജിതമാക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ ഉണ്ടാകേണ്ടതുമാണ്. ഒരു നിശ്ചിത കാലയളവിനുള്ളിൽ കാർഷികോത്പന്നങ്ങളുടെ കാര്യത്തിൽ സ്വയം പര്യാപ്തത കൈവരിക്കാൻ കഴിയുമെന്ന ലക്ഷ്യത്തോടെയായിരിക്കണം പ്രോജക്ടുകൾ ആവിഷ്കരിക്കേണ്ടത്. ഇതിനു വേണ്ടി കാർഷിക പദ്ധതികൾ

മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി പരമാവധി സംയോജിപ്പിച്ച് നടപ്പാക്കുന്നതിനുള്ള സാദ്ധ്യതയും ഉപയോഗപ്പെടുത്തണം.

പതിമൂന്നാം പഞ്ചവത്സര പദ്ധതി രൂപീകരണത്തിന് മുന്നോടിയായി കൃഷി വർക്കിംഗ് ഗ്രൂപ്പ് തയ്യാറാക്കിയ അവസ്ഥാരേഖയിൽ കാർഷിക മേഖലയിൽ നേരിടുന്ന പതിനാറോളം പ്രതിസന്ധികളും, ഇവ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങളും വിവരിച്ചിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പുകൾ തയ്യാറാക്കുന്ന അവസ്ഥാ രേഖയിൽ പ്രതിപാദിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരമായിട്ടാണ് പ്രോജക്ടുകൾ രൂപം നൽകേണ്ടത്. എന്നാൽ തൻവർഷം വിഭാവനം ചെയ്ത പദ്ധതികൾ പരിശോധിച്ചതിൽ, മുൻ പഞ്ചവത്സര പദ്ധതിക്കാലം മുതൽ (സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം) നടപ്പാക്കി വരുന്ന അതേ പദ്ധതികളുടെ ആവർത്തനമാണ് 2017-18 വർഷത്തിലും നടന്നിട്ടുള്ളതെന്ന് കാണുന്നു. തൊഴിലുറപ്പ് പദ്ധതിയിൽ സ്ഥിരമായി ചെയ്തു വരുന്ന മണ്ണ് ജലസംരക്ഷണ പ്രവർത്തികളല്ലാതെ ഈ പദ്ധതിയുടെ സാധ്യത കാർഷിക മേഖലയിൽ ഉപയോഗപ്പെടുത്തും വിധമുള്ള യാതൊരു പ്രവർത്തനങ്ങളും തൻവർഷമുണ്ടായിട്ടില്ല. വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതിരൂപീകരണ വേളയിൽ മാത്രം സജീവമാവുകയും, പദ്ധതി നിർവ്വഹണ സമയത്തും, പദ്ധതികളുടെ മോണിറ്ററിംഗ് സമയത്തും നിഷ്ക്രിയമായിരിക്കുകയുമാണെന്നാണ് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പിന്റെ മിനുട്സ് പരിശോധനയിൽ നിന്നും വ്യക്തമാകുന്നത്. കൃഷി മേഖലയിലെ ഒറ്റ പ്രോജക്ടിന്റേയും മോണിറ്ററിംഗ് ഈ വർക്കിംഗ് ഗ്രൂപ്പ് നടത്തിയിട്ടില്ല.

ഈ വിഷയത്തിൽ കൃഷി ഓഫീസർ നൽകിയ വിശദീകരണത്തിൽ നെൽകൃഷിക്കായി നിലമൊരുക്കുന്നതിന് തൊഴിലുറപ്പ് പദ്ധതി ഉപയോഗപ്പെടുത്തിയിട്ടുണ്ടെന്നും, ഡിപ്പാർട്ട്മെന്റ് തലത്തിൽ കർമ്മസേന രൂപീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരികയാണെന്നും വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് തുടർവർഷങ്ങളിൽ ശ്രദ്ധിക്കുമെന്നും പറയുന്നു. ഹരിതകേരള മിഷനുമായി സംയോജിപ്പിച്ച് കാർഷിക മേഖലയിലെ പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം ലഭിക്കത്തക്ക വിധമുള്ള പ്രോജക്ടുകൾ നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-5 തെരുവു വിളക്ക് റിപ്പയർ - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ തെരുവുവിളക്ക് റിപ്പയർ പദ്ധതിയ്ക്കായി (സ്പിൽ ഓവർ നം.18/18) 2,50,000/- രൂപയാണ് അടങ്കൽ വച്ചിരുന്നത്.(2,00,000/- ധനകാര്യ കമ്മീഷൻ ഗ്രാന്റ്, 50,000/- തനതുഫണ്ട്) പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് കാണുന്ന അപാകതകൾ ചുവടെ ചേർക്കുന്നു.

- പദ്ധതിയുടെ ടെണ്ടർ നടപടികൾ 2017 മാർച്ച് മാസത്തിൽ പൂർത്തീകരിച്ചിട്ടുണ്ട്. ടെണ്ടർ നടപടികളുടെ വിശദാംശം ഫയലിൽ ലഭ്യമല്ല. എത്ര തെരുവു വിളക്കുകൾ, എവിടെയൊക്കെ റിപ്പയർ ചെയ്ത് മാറ്റി സ്ഥാപിക്കാനാണ് ഉദ്ദേശിച്ചിരുന്നതെന്നോ, ഏതു തരം വിളക്കുകളാണെന്നോ (ട്യൂബ് ലൈറ്റ്, സി.എഫ്.എൽ., എൽ.ഇ.ഡി. എന്നിങ്ങനെ) ഫയലിൽ നിന്നും വ്യക്തമല്ല. ടെണ്ടറിനൊപ്പം നൽകിയ ടെണ്ടർ ഷെഡ്യൂൾ ഫയലിലും ടി വിവരം 23.3.2017 ലെ 1/5 നമ്പർ ഭരണസമിതി തീരുമാനത്തിൽ പദ്ധതിയ്ക്കായി ലഭിച്ച ഏക ടെണ്ടർ(റീ-ടെണ്ടറിൽ) അംഗീകരിക്കാൻ തീരുമാനമെടുത്തിട്ടുണ്ട്. എന്നാൽ ഏതു തരം വിളക്കാണ് റിപ്പയർ ചെയ്ത് പുന:സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നതെന്ന് പ്രസ്തുത തീരുമാനത്തിലും രേഖപ്പെടുത്തിയിട്ടില്ല.
- ടെണ്ടർ അംഗീകരിച്ചുകൊണ്ട് സ്ഥാപനത്തിന് നൽകിയ സെലക്ഷൻ മെമ്മോ ഫയലിൽ കാണുന്നില്ല. 24.03.2017ലെ പ്രൊക്യുർമെന്റ് കമ്മിറ്റിയുടെ മൂന്നാം നമ്പർ തീരുമാനത്തിൽ സ്റ്റാർ ഇലക്ട്രിക്കൽ, കൽപത്തൂർ എന്ന സ്ഥാപനത്തിന്റെ ഏക ടെണ്ടർ അംഗീകരിക്കാൻ തീരുമാനമെടുത്തെങ്കിലും, ഇവർ ക്വാട്ട് ചെയ്ത രണ്ടു തരം വിളക്കുകളുടെ (സി.എഫ്.എൽ, ട്യൂബ് സെറ്റ്) നിരക്കുകൾ ടി കമ്മറ്റി മിനിട്സിലും ലഭ്യമല്ല.
- സ്ഥാപനവുമായി കരാർ ചമയ്ക്കുന്നതിനായി ഫയലിൽ സൂക്ഷിച്ചിരിക്കുന്ന മുദ്രപത്രത്തിൽ കരാർ വ്യവസ്ഥകൾ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. ഫയലിൽ 5,000/-, 6,000/-, 1,500/- എന്നീ തുകകളുടെ സ്ഥിരനിക്ഷേപ സർട്ടിഫിക്കറ്റുകൾ സൂക്ഷിച്ചിരിക്കുന്നു. ഇവ ഏതിനത്തിലേക്കുള്ള തുകയാണെന്നും വ്യക്തമല്ല. ഇവ പഞ്ചായത്തിൽ വരവായി രസീതു ചെയ്തിട്ടുണ്ടോയെന്നും വ്യക്തമല്ല.
- 2015 ൽ കെ.എസ്.ഇ.ബി.യും പഞ്ചായത്തും നടത്തിയ സംയുക്ത പരിശോധന പ്രകാരം അരിക്കുളം ഡിവിഷനു കീഴിലുള്ള ആകെ 156 വിളക്കുകളിൽ രണ്ടെണ്ണം മാത്രമാണ് സി.എഫ്.എൽ. ഉള്ളത്. മറ്റുള്ളവ ട്യൂബ് ലൈറ്റും, സാധാരണ ബൾബുമാണ്. എന്നാൽ തെരുവു വിളക്ക് രജിസ്റ്റർ പരിശോധിച്ചതിൽ ഈ മേഖലകളിൽ പലയിടത്തും എൽ.ഇ.ഡി. ബൾബുകൾ സ്ഥാപിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. മേപ്പയ്യൂർ ഡിവിഷന് കീഴിലുള്ള തെരുവു വിളക്കുകളുടെ കൃത്യമായ വിവരം രജിസ്റ്ററിൽ ചേർത്തിട്ടുമില്ല. ഇത്തരത്തിൽ രജിസ്റ്റർ സൂക്ഷിക്കുന്നതിനാൽ

പഞ്ചായത്തിൽ യഥാർത്ഥത്തിലുള്ള തെരുവ് വിളക്കുകളുടെ വിശദാംശം വ്യക്തമല്ല.

- സ്പിൽ ഓവർ പ്രവൃത്തിയായിരുന്നിട്ടും വിളക്കുകളുടെ റിപ്പയർ നടത്തി പണം നൽകിയിരിക്കുന്നത് 21.3.2018 ന് മാത്രമാണ്. തിയ്യതി രേഖപ്പെടുത്താത്ത ബിൽ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ , 2 X 15 വാട്ട്സിന്റെ 172 വിളക്കുകൾ 740 രൂപ നിരക്കിൽ റിപ്പയർ ചെയ്തതിന് ആകെ 1,27,280/- രൂപയാണ് സ്ഥാപനം ആവശ്യപ്പെട്ടിട്ടുള്ളത്. ഈ തുക 24/17-18 ബിൽ പ്രകാരം സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. സ്ഥാപനത്തിന്റെ തെരെഞ്ഞെടുപ്പ് വരെയുള്ള നടപടിക്രമങ്ങൾ മുൻസാമ്പത്തിക വർഷം നടന്നിട്ടും വിളക്ക് സ്ഥാപിക്കുന്നതിനുണ്ടായ കാലതാമസം എന്തായിരുന്നെന്ന് ഫയലിൽ വ്യക്തമല്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ലഭിച്ച മറുപടി തെരുവുവിളക്കിന്റെ തരം 15 വാട്ട്സിന്റെ രണ്ടെണ്ണം വീതമുള്ള സി.എഫ്.എൽ. ആയിരുന്നെന്നും, ഇത് തീരുമാനരജിസ്റ്ററിൽ രേഖപ്പെടുത്താൻ വിട്ടുപോയതാണെന്നും, ഫയലിലുള്ള സ്ഥിരനിക്ഷേപ സർട്ടിഫിക്കറ്റുകൾ സെക്യൂരിറ്റി ഡെപ്പോസിറ്റ് ഇനത്തിൽ വാങ്ങിയതാണെന്നുമാണ് വാങ്ങാനുദ്ദേശിക്കുന്ന സാധനത്തിന്റെ സ്പെസിഫിക്കേഷൻ നിരക്ക് എന്നിവ രേഖപ്പെടുത്താതെ കമ്മറ്റി തീരുമാനം കൈക്കൊള്ളുന്നത് എന്തിനാണെന്ന് വ്യക്തമല്ല. തെരുവുവിളക്കിന്റെ സംയുക്ത പരിശോധനക്കായി പഞ്ചായത്ത് തീരുമാനമെടുത്തിട്ടുണ്ടെന്നും, ഇവ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണെന്നും മറുപടിയിൽ വിശദീകരിച്ചിട്ടുണ്ട്. സംയുക്ത പരിശോധന നടത്തി വിശദാംശങ്ങൾ മേൽ പദ്ധതിയിൽ വാങ്ങിയ/ സ്ഥാപിച്ച വിളക്കുകൾ എണ്ണവുമായി പൊരുത്തപ്പെടുന്നുണ്ടോ എന്ന് ഉറപ്പ് വരുത്തി പരിശോധയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 3-6 കയർ ഭൂവസ്ത്രം - വിരിച്ച് ഒരു വർഷം പൂർത്തിയാകുന്നതിന്റെ മുൻപ് നശിച്ചു.

ഗ്രാമപഞ്ചായത്തിൽ 2017-18 വർഷം 329875 രൂപയ്ക്ക് കയർ ഭൂവസ്ത്രം കൊയർ ഫെഡിൽ നിന്നും (എഫ്.ടി.ഒ. 502338/16.03.2018) ഭൂവസ്ത്രം ഉറപ്പിക്കുന്നതിനുള്ള 48150 രൂപയുടെ മുളയാണി ബാംബൂ നീഡിൽ യൂനിറ്റ് കോഴിക്കോട് -4 എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്. (എഫ്.ടി.ഒ. 502191/16.03.2018) 5075 ച.മീറ്റർ ഭൂവസ്ത്രം ആണ് കൊയർഫെഡിൽ നിന്നും പഞ്ചായത്ത് കൈപ്പറ്റിയത്. ഇത് 9 പ്രവൃത്തികൾക്കാണ് വിനിയോഗിച്ചത്.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | ഉപയോഗിച്ച കയർ ഭൂവസ്ത്രം (ച.മീ.) | കയർ ഭൂവസ്ത്രത്തിന് വേണ്ടി ചെലവഴിച്ച തുക | പ്രവൃത്തിയ്ക്ക് വേണ്ടി ആകെ ചെലവഴിച്ച തുക |
|---|---|---|---|---|
| 1 | ആറണക്കണ്ടി മുതൽ മാണിക്കോത്ത് മുക്ക് വരെ ബ്രാഞ്ച് കനാൽ നവീകരണം വാർഡ് - 1 | 775 | 50375 | 421343 |
| 2 | ജീജാ അങ്കണവാടി മുതൽ കോറോത്ത് മുക്ക് വരെ കനാൽ സംരക്ഷണം വാർഡ് - 2 | 1000 | 65000 | 345640 |
| 3 | കേളോത്ത് മുക്ക് മുതൽ എടാത്തിൽ വരെ കനാൽ നവീകരണം വാർഡ് - 3 | 600 | 39000 | 198304 |
| 4 | എടത്തിൽ മുക്ക് മുതൽ മമ്മിളിത്താഴ വരെ കനാൽ നവീകരണം വാർഡ് -4 | 500 | 32500 | 190574 |
| 5 | നവീന മുതൽ അരീക്കര താഴ വരെ ബ്രാഞ്ച് കനാൽ നവീകരണം വാർഡ് -5 | 500 | 32500 | 125332 |
| 6 | ഇടമ്പുകര മെയിൻ കനാൽ സംരക്ഷണം വാർഡ് -6 | 500 | 32500 | 103062 |
| 7 | നടേരി ഡിസ്ട്രിബ്യൂട്ടറി കനാൽ നവീകരണം വാർഡ് -8 | 400 | 26000 | 178485 |
| 8 | ഇടമ്പുകര മെയിൻ കനാൽ സംരക്ഷണം വാർഡ് -9 | 400 | 26000 | 137034 |

| | | | | |
|---|---|---|---|---|
| 9 | ഇടമ്പുകര മെയിൻ കനാൽ സംരക്ഷണം വാർഡ് -9 | 400 | 26000 | 146064 |
| | | 5075 | 329875 | 1845838 |

ഇത്തരത്തിൽ മേൽ 9 പ്രവൃത്തികൾക്ക് 1845838 രൂപ ചെലവഴിച്ചിട്ടുണ്ട്. 16.01.2019 ന് നടത്തിയ സ്ഥല പരിശോധനയിൽ താഴെ കൊടുത്ത വസ്തുതകൾ കാണുന്നു. ഇതിൽ വാർഡ് ഒന്നിൽ ആവശ്യമില്ലാത്തിടത്ത് അതായത് ചെങ്കല്ല് ഉള്ള ഭാഗത്താണ് കയർ ഭൂവസ്ത്രം വിരിച്ചത്. കൂടാതെ വാർഡ് 3 ലെ പ്രവൃത്തി കേളോത്ത് മുക്ക് മുതൽ എടയിൽ മുക്ക് വരെയുള്ള കനാൽ നവീകരണത്തിൽ വിരിച്ചിരുന്ന കയർ ഭൂവസ്ത്രം ഒരുമിച്ച് ഒരു ഭാഗത്ത് കൂട്ടി ഇട്ടിരിക്കുന്നു. 2018 ജനവരി, ഫിബ്രവരി മാസത്തിൽ ചെയ്ത ഈ പ്രവൃത്തി ഒരു വർഷം തികയുന്നതിന് മുൻപ് പൊളിച്ചെടുത്തത് ശരിയായ നടപടിയല്ല. ഇത്തരത്തിൽ തന്നെ വാർഡ് 9 ലെ ഇടത് കര മെയിൻ കനാൽ (ക്രമ നമ്പർ 9) ഭാഗത്തും ചെയ്തിട്ടുണ്ട്. ലക്ഷങ്ങൾ ചെലവഴിച്ച് കയർ ഭൂവസ്ത്രം പതിച്ച് ഒരു വർഷത്തിനകം കനാൽ വൃത്തിയാക്കലിന്റെ ഭാഗമായി ഭൂവസ്ത്രം ചെത്തിമാറ്റിയത്, അതും എൻ.ആർ.ഇ.ജി.എസ്. പ്രവൃത്തിയായി ചെയ്തത് ഏത് രീതിയിലും പ്രസ്തുത ഫണ്ടിൽ പ്രവൃത്തി ചെയ്യുക എന്ന ഒറ്റ ഉദ്ദേശം മുൻനിർത്തിയാണ് എന്ന് നിരീക്ഷിക്കുന്നു.

നടേരി ഡിസ്ട്രിബ്യൂട്ടറി കനാൽ നവീകരണം വാർഡ് 8 ൽ കയർ ഭൂവസ്ത്രം കനാലിൽ തന്നെ കത്തിച്ച് നശിപ്പിച്ച നിലയിലാണ്.

കയർ ഭൂവസ്ത്രം പ്രവൃത്തിയ്ക്ക് വേണ്ടി കൊയർഫെഡിൽ നിന്ന് കയർ വാങ്ങുന്നതിന് ഗ്രാമപഞ്ചായത്ത് വെച്ച ധാരണാപത്രത്തിൽ, തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ ഉത്തരവാദിത്തം എന്നതിൽ ആറാം ഖണ്ഡിക കാണുക. കയർ ഭൂവസ്ത്രം നിർമ്മാണം പൂർത്തിയാകുന്നതോടെ ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണസ്ഥാപനത്തിന്റെ ആസ്തിയായി കണക്കാക്കും. ആസ്തി സംരക്ഷണ ബാദ്ധ്യത സ്ഥാപനത്തിനായിരിക്കുമെന്ന് വ്യക്തമാക്കുന്നു. ഇവിടെ ആസ്തി സംരക്ഷിക്കേണ്ട ഗ്രാമപഞ്ചായത്ത് തന്നെ മറ്റൊരു എൻ.ആർ.ഇ.ജി.എസ്. പ്രവൃത്തിയിലൂടെ ഈ ആസ്തി ചെത്തി മാറ്റി/കത്തിച്ച് ഇല്ലാതാക്കിയിട്ടുണ്ട്. ഇത്തരം നടപടികളിലൂടെ ആദ്യം കയർ ഭൂവസ്ത്രം പതിക്കുന്നതിന് വേണ്ടി ചെലവഴിച്ച മുഴവൻ തുകയും പാഴ്ചെലവായിരിക്കുകയാണ്. ക്രമനമ്പർ 3,7,9 എന്നിവയ്ക്ക് ചെലവഴിച്ച് മൊത്തം തുകയായ 522853 രൂപ ഇത്തരത്തിൽ പാഴ്ചെലവായി കണക്കാക്കുന്നു. കൂടാതെ ആവശ്യമില്ലാത്തിടത്ത് ചെങ്കല്ലിന്റെ മുകളിൽ കയർ ഭൂവസ്ത്രം വിരിച്ചതിലൂടെ ചെലവഴിച്ച തുകയായ 421343 രൂപയും വൃഥാവിലായി. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണ്.

## 3-7 യഥാർത്ഥ ചെലവുകൾ ചെലവു പത്രികയിൽ ഉൾപ്പെട്ടില്ല

2017-18 വർഷത്തിൽ പഞ്ചായത്തിലെ വിവിധ നിർവ്വഹണോദ്യോഗസ്ഥർ മുഖേന നടപ്പാക്കിയ പല പദ്ധതികളുടേയും യഥാർത്ഥ ചെലവു വിവരം ഐ.കെ.എം. തയ്യാറാക്കിയ ചെലവു പത്രികയിൽ ഉൾപ്പെട്ടിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി | വെറ്ററിനറി സർജ്ജൻ |
|---|---|---|
| പ്രോജക്ടിന്റെ പേര്/ നമ്പർ | ഗ്രാമപഞ്ചായത്ത് ടി.എ.യ്ക്ക് വേതനം (പ്രോ.നം.18/18) | ആട്ട വളർത്തൽ പട്ടികജാതി വനിത (പ്രോ.നം.83/18) |
| അടങ്കൽ | 3,13,016 – തനതുഫണ്ട് | 3,61,200<br>വികസനഫണ്ട് എസ്.സി.പി. - 2,69,000<br>തനതുഫണ്ട് - 1,900<br>ഗുണഭോക്തൃവിഹിതം - 90,300 |
| യഥാർത്ഥ ചെലവ് | 3,13,016 | 1,68,000<br>1,26000 - വികസനഫണ്ട് എസ്.സി.പി.<br>42,000 - ഗുണഭോക്തൃവിഹിതം |
| പത്രികയിൽ ഉൾപ്പെട്ടത് | 2,08,016 | 1,38,600* - വികസനഫണ്ട് എസ്.സി.പി. |

വെറ്ററിനറി സർജ്ജൻ നടപ്പാക്കിയ ആട്ടവളർത്തൽ പട്ടികജാതി വനിത എന്ന പദ്ധതിയിൽ ആകെ 22

ഗുണഭോക്താക്കൾക്ക് രണ്ടു വീതം ആടുകളെ വീതം വാങ്ങാനുള്ള സബ്സിഡി തുകയാണ് ട്രഷറിയിൽ നിന്നും പിൻവലിച്ചത്. ഒരാടിന് 4,200 രൂപ നിരക്കിൽ 75% സബ്സിഡി തുക 3,150 രൂപ (44 X 3,150=1,38,600)ഇതിൽ രണ്ടു ഗുണഭോക്താക്കൾ പിൻവാങ്ങിയതിനെ തുടർന്ന് തുക തിരികെ നൽകുകയും, ഇത് നിർവ്വഹണോദ്യോഗസ്ഥ ട്രഷറിയിൽ തിരിച്ചടയ്ക്കുകയും ചെയ്തു (4 X 3,150= 12,600). ഈ തുക കിഴിച്ചാൽ വികസനഫണ്ടിന്റെ യഥാർത്ഥ ചെലവ് 1,26,000 രൂപയാണ്. ആദ്യം വിഭാവനം ചെയ്ത പദ്ധതിയിൽ ഗുണഭോക്തൃ വിഹിതം സ്ഥാപനത്തിൽ അടയ്ക്കാനാണ് ഉൾപ്പെടുത്തിയിരുന്നത്. എന്നാൽ വർഷാവസാനത്തിൽ ഇത് നേരിട്ട് ചെലവഴിക്കുന്നതായി ഭേദഗതി ചെയ്യാൻ ഭരണസമിതി തീരുമാനിച്ചിട്ടുണ്ട്. ഈ മാറ്റം പദ്ധതിയിൽ വരുത്തിയിരുന്നോയെന്ന് വ്യക്തമല്ല. എന്തുതന്നെയായിരുന്നാലും യഥാർത്ഥത്തിൽ വാങ്ങിയ ആടുകളുടെ ആനുപാതിക ഗുണഭോക്തൃ വിഹിതം ചെലവായി പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

ശരിയായ കണക്കുകൾ ബന്ധപ്പെട്ട രേഖകളിൽ ഉൾപ്പെടാത്തതിന്റെ വിശദീകരണം ആവശ്യപ്പെട്ടതിന്, ടി.എ.യ്ക്ക് വേതനം നൽകുന്ന സമയം വെബ് സാംഖ്യയിൽ റിക്വിസിഷൻ തയ്യാറാക്കാതെ ലോക്കൽ സാംഖ്യയിൽ ചെലവു രേഖപ്പെടുത്തിയതിനാലാണ് അപാകത വന്നിട്ടുള്ളതെന്ന് അറിയിച്ചിട്ടുണ്ട്. പദ്ധതി ചെലവുകളുടെ കൃത്യത ഉറപ്പു വരുത്തേണ്ടതും, രണ്ടാമത്തെ പ്രോജക്ടുമായി ബന്ധപ്പെട്ട വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

## 3-8 കുന്നോത്ത് മുക്ക് നവീനറോഡ് സൈഡ് പ്രൊട്ടക്ഷൻ - ഫൗണ്ടേഷനേക്കാൾ കൂടുതൽ അളവ് സൂപ്പർ സ്ട്രക്ചർ ചെയ്തു.

കുന്നോത്ത് മുക്ക് നവീന റോഡ് സൈഡ് പ്രൊട്ടക്ഷൻ - ഫൗണ്ടേഷനേക്കാൾ കൂടുതൽ അളവ് സൂപ്പർ സ്ട്രക്ചർ ചെയ്തതായാണ് പരിശോധനയിൽ കാണുന്നത്. വിശദാംശം ചുവടെ :-

പ്രൊജക്ട്- കുന്നോത്ത് മുക്ക് നവീനറോഡ് സൈഡ് പ്രൊട്ടക്ഷൻ

പ്രൊജക്ട് നമ്പർ- 56/17-18

നിർവ്വഹണം- അസിസ്റ്റന്റ് എൻജിനിയർ

അടങ്കൽ- 3,40,000രൂപ (സംരക്ഷണ ഗ്രാന്റ് റോഡ്)

ചെലവ്- 3,21,980രൂപ ( (i) bill no. 19/17-18 dtd 1.02.2018

എം ബുക്ക്- 2/17-18

കരാറുകാരൻ- ദിനേശൻ മഠത്തിൽ (കരാർ നം.8/17-18 തി. 8.12.2017 )

കുന്നോത്ത് മുക്ക് നവീനറോഡ് സൈഡ് പ്രൊട്ടക്ഷൻ, ഐറിഷ് ഡ്രൈൻ കോൺക്രീറ്റ് എന്നിവയാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. എസ്റ്റിമേറ്റ് പ്രകാരം , സാധാരണ പാറ പൊട്ടിക്കുന്നതിനും, 57 മീ സൈഡ് കെട്ടുന്നതിനും, 283 മീ ഐറിഷ് ഡ്രൈൻ നിർമ്മിക്കാനും, 12 മീ റോഡ് കോൺക്രീറ്റ് ചെയ്യുന്ന പ്രവൃത്തികളുമാണ് ഉള്ളത്.

പ്രവൃത്തിയിൽ കണ്ട അപാകതകൾ താഴെ കൊടുക്കുന്നു.

1) എം ബുക്ക്- (പേജ് നം- 1) ൽ 14.85 ക്യു മീ പൊട്ടിച്ചെടുത്ത പാറ റോഡിന്റെ താഴ്ന്ന ഭാഗങ്ങൾ ലെവൽ ചെയ്യാൻ ഉപയോഗിച്ചു എന്ന് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, ഏത് ചെയിനേജിലാണ്, ഏത് ഭാഗത്താണ് ചെയ്തത് എന്ന് രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ, പാറ ഉപയോഗിച്ചു ലെവൽ ചെയ്താൽ ഉപരിതലത്തിൽ എന്ത് ചെയ്താണ് നിരപ്പാക്കുന്നതെന്നും രേഖപ്പെടുത്തിയിട്ടില്ല.

2) ഫൗണ്ടേഷൻ നിർമ്മിച്ചത് താഴെ പറയും പ്രകാരമാണ്.

| | | | | |
|---|---|---|---|---|
| 1 | 13.00 | 0.70 | 0.25 | 2.275 |
| 1 | 15.00 | 0.70 | 0.25 | 2.625 |
| 1 | 8.10 | 0.70 | 0.25 | 1.418 |
| 1 | 2.60 | 2.35 | 0.15 | 0.917 |
| 1 | 11.50 | 0.70 | 0.25 | 2.013 |
| 1 | 3.65 | 0.60 | 0.25 | 0.545 |
| | 53.85 Metr | | | 9.793 |

3) സൂപ്പർ സ്ട്രക്ചർ താഴെ പറയും പ്രകാരമാണ്.

| | | | | |
|---|---|---|---|---|
| 1 | 4.50 | 0.50 | 0.90+ 1.10/2 | 2.25 |
| 1 | 8.50 | 0.50 | 1.10 | 4.675 |
| 1 | 15.00 | 0.50 | 0.90+0.75/2 | 6.188 |

| | | | | |
|---|---|---|---|---|
| 1 | 2.00 | 0.50 | 0.55 | 0.55 |
| 1 | 8.10 | 0.50 | 0.75 | 3.038 |
| 1 | 2.60 | 2.35 | 0.45+0.15/2 | 1.833 |
| 1 | 11.50 | 0.50 | 0.75 | 4.313 |
| 1 | 3.65 | 0.50 | 0.55 | 1.004 |
| 1 | 4.20 | 0.50 | 0.38 | 0.798 |
| | 60.05 Metr | | | 24.649 |

സൂപ്പർ സ്ടക്ചർ ഫൗണ്ടേഷനേക്കാൾ 6.2 മീറ്റർ കൂടുതൽ ചെയ്തിട്ടുണ്ട്. എസ്റ്റിമേറ്റിലൊന്നും മുൻകാലങ്ങളിലെ ഫൗണ്ടേഷൻ പ്രവൃത്തി ചെയ്ത ഭാഗത്ത് സൂപ്പർ സ്ടക്ചർ ചെയ്യുന്നതായി അംഗീകരിക്കാത്തതിനാൽ 0.55 + 0.75 = 1.30 ന് പ്രവൃത്തി ചെയ്തത് അംഗീകരിക്കാനാവില്ല.

4) ഐറിഷ് ഡ്രൈൻ 15 സെ മീ കനത്തിൽ റോഡിന്റെ ഇടതു വശം 133.55 മീ നീളത്തിലും, വലതു വശത്ത് 44.80 മീ നീളത്തിലും ചെയ്തിട്ടുണ്ട്. ഈ റോഡ് ഏത് കാലത്താണ് ടാർ ചെയ്തതെന്ന് വ്യക്തമാക്കിയിട്ടില്ല. റോഡ് നിർമ്മാണത്തോടനുബന്ധിച്ച് നടത്തേണ്ടിയിരുന്ന ഐറിഷ് ഡ്രൈൻ നിർമ്മാണം ഇപ്പോൾ നടത്തിയതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല.

5) അടുത്ത കാലത്ത് ഈ റോഡിൽ ടാറിംഗ് പ്രവൃത്തി നടപ്പാക്കിയിട്ടുണ്ടെങ്കിൽ അതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്.

മേൽ അപാകതകൾക്ക് കാരണം വ്യക്തമാക്കേണ്ടതും, ഫൗണ്ടേഷനേക്കാൾ കൂടുതൽ അളവ് സൂപ്പർസ്ടക്ചർ ചെയ്തതിന് നൽകിയ അന്വേഷണക്കുറിപ്പിന് (നം.19 /17-18 തിയ്യതി. 16/1/2019) മറുപടി ലഭ്യമാക്കാത്തതിനാൽ ചെലവ് ചെയ്ത 3,21,980രൂപ ഓഡിറ്റ് തടസ്സത്തിൽ വെക്കുന്നു.

## 3-9 ഒരേ എസ്റ്റിമേറ്റിൽ വിവിധ റിപ്പയറുകൾക്ക് തുക അനുവദിച്ചു

വീടുകളുടെ ജീർണ്ണിച്ച മേൽക്കൂര മാറ്റി പുതിയ മേൽക്കൂര സ്ഥാപിക്കൽ എന്ന പ്രൊജക്ടിൽ എല്ലാ ഗുണഭോക്താക്കൾക്കും തുക അനുവദിച്ചത് ഒരേ എസ്റ്റിമേറ്റ് പ്രകാരമാണ്.

വിശദാംശം ചുവടെ :-

പ്രൊജക്ട്- വീടുകളുടെ ജീർണ്ണിച്ച മേൽക്കൂര മാറ്റി പുതിയ മേൽക്കൂര സ്ഥാപിക്കൽ

പ്രൊജക്ട് നമ്പർ- 4/18

നിർവ്വഹണം- വി ഇ ഒ

അടങ്കൽ- 13,00,000 രൂപ (വികസന ഫണ്ട്)

ചെലവ്- 1300000 രൂപ ( Bill No. 0746/17-18 dtd 9.03.2018)

സ. ഉ. (എം.എസ്.) നമ്പർ 80/2017/ ത.സ്വ.വ. തീയതി 3.4.2017 ഖ. 8.6 പ്രകാരം മേൽക്കൂര മാറ്റി പുതിയ മേൽക്കൂര നിർമ്മിക്കാൻ ഉള്ള മാനദണ്ഡങ്ങളിൽ ഗുണഭോക്താവ് എസ്റ്റിമേറ്റ് തയ്യാറാക്കണമെന്നും എൽ. എസ്. ജി. ഡി. എഞ്ചിനീയർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തണമെന്നുമാണ്. എന്നാൽ ഗ്രാമ പഞ്ചായത്ത് നൽകിയ ഗുണഭോക്താക്കൾ ഹാജരാക്കിയത് ഒരേ എസ്റ്റിമേറ്റ് ആണ്. എസ്റ്റിമേറ്റിൽ പൊതുവായ വിവരം ചുവടെ ചേർക്കുന്നു.

1500 MP Tiles @32.60 = 48900

Reapers 0.54 M3 @89248/m3 = 48194

ഈ രണ്ട് ഇനങ്ങൾ ഉൾപ്പെടുത്തിയാണ് 1,00,000 രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയത് എസ്റ്റിമേറ്റ് അസിസ്റ്റന്റ് എൻജിനിയർ സാക്ഷ്യപ്പെടുത്തിയിട്ടുള്ളത്.

അപാകതകയ്ക്ക് വിശദീകരണം നൽകേണ്ടതാണ്.

## 3-10 കന്നുകുട്ടി പരിപാലനം - വിശദാംശങ്ങൾ ലഭ്യമല്ലാത്തതും മറ്റപാകതകളും

വെറ്ററനറി സർജ്ജൻ നടപ്പിലാക്കിയ കന്നുകുട്ടി പരിപാലനം പദ്ധതിക്കായി (പ്രോജക്ട് നമ്പർ 62/18) പഞ്ചായത്തിൽ നിന്ന് വികസന ഫണ്ട് 2,00,000/-രൂപ അസിസ്റ്റന്റ് ഡയറക്ടർ, ഓഫീസർക്ക് കൈമാറിയിട്ടുണ്ട്. (ബിൽ നമ്പർ 1/17-18/12.1.2018). പഞ്ചായത്തിലെ 32 കന്നുകുട്ടികൾക്ക് സമീകൃത ആഹാരം ലഭ്യമാക്കുന്നതിനാണ് ഈ പദ്ധതി. നിലവിൽ പദ്ധതിയിലുൾപ്പെട്ട ഗുണഭോക്താക്കൾക്ക് കാലിത്തീറ്റ ലഭിച്ചു വരികയാണെന്ന് മൃഗസംരക്ഷണ ഓഫീസർ പറയുന്നുണ്ടെങ്കിലും, ഇതു സംബന്ധിച്ച വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് വർഷത്തിലോ / തുടർന്നോ മൃഗ സംരക്ഷണ വർക്കിംഗ് ഗ്രൂപ്പ്, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി

എന്നിവയിൽ ഇതു സംബന്ധിച്ച ചർച്ച നടന്നതായോ പദ്ധതി നടത്തിപ്പിന്റെ മോണിറ്ററിംഗ് നടത്തിയതായോ കാണുന്നില്ല. തുക കൈപ്പറ്റിയതിന്റെ രസീതും, തുക പഞ്ചായത്തിലേയ്ക്കായി ഉപയോഗപ്പെടുത്തിയതിന്റെ വിനിയോഗ സാക്ഷ്യപത്രവും പരിശോധനയ്ക്ക് ലഭിച്ചിട്ടില്ല. പദ്ധതിയിൽ പെട്ട കന്നുകുട്ടികളുടെ വളർച്ച സംബന്ധമായ വിവരങ്ങളും, നിലവിൽ ഇവയ്ക്ക് നൽകി വരുന്ന തീറ്റയുടെ അളവും, വർഷങ്ങളായി നടന്നു വരുന്ന ഈ പദ്ധതിയുടെ ഫലമായി പഞ്ചായത്തിലുണ്ടായ പാലുത്പാദനത്തിലെ വർധനാനുപാതവും സംബന്ധിച്ച വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

പഞ്ചായത്ത് തയ്യാറാക്കിയ പദ്ധതി പ്രകാരം 8,00,000/- രൂപയാണ് പദ്ധതിയടങ്കൽ. 2,00,000/- രൂപ വികസനഫണ്ട് ജനറൽ, 2,00,000/- സംസ്ഥാനാവിഷ്കൃത ഫണ്ട്, 4,00,000/- ഗുണഭോക്തൃ വിഹിതം എന്നിങ്ങനെയാണ് വിഭവ വകയിരുത്തൽ. ഇതിൽ വികസനഫണ്ട് മാത്രം ചെലവഴിക്കുന്നതായാണ് ഐ.കെ.എം. ചെലവു പത്രികയിൽ കാണുന്നത്. യഥാർത്ഥത്തിൽ തുക കൈമാറൽ മാത്രമാണ് ഈ പദ്ധതിയിൽ നടക്കുന്നത്. അത്തരത്തിലുള്ള പദ്ധതിയ്ക്ക് മേൽ രീതിയിൽ വിഭവ വകയിരുത്തൽ കാണിക്കുന്നത് ചെലവു ശതമാനം കുറയുന്നതിന് കാരണമാകും. ഈ വിഷയത്തിലേയ്ക്ക് ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

മേൽ വിവരങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയില്ല. രേഖകളുടെ അഭാവത്തിൽ ചെലവു തുക തടസ്സത്തിൽ വെയ്ക്കുന്നു.

## 3-11 സംരക്ഷണ ഗ്രാന്റ് റോഡിതരം - കുറഞ്ഞ ചെലവു ശതമാനം

2017-18 വർഷം പഞ്ചായത്തിന് 27,65,444/- രൂപ സംരക്ഷണഗ്രാന്റ് റോഡിതരത്തിൽ വരവുണ്ട്. തൻവർഷം സ്പിൽ ഓവർ പ്രവൃത്തികളുൾപ്പെടെ ആകെ 30,14,444/- രൂപ അടങ്കൽ വരുന്ന പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഇതിൽ 15,07,004/- രൂപയുടെ പദ്ധതികൾ മാത്രമാണ് തൻവർഷം നടപ്പാക്കിയത്. ചെലവു ശതമാനം 54.5% മാത്രമാണ്. ആകെ ചെലവിന്റെ 60% വിനിയോഗിച്ചത് പഞ്ചായത്തിനു കീഴിലുള്ള വിവിധ ആരോഗ്യ സ്ഥാപനങ്ങളിലേയ്ക്ക് മരുന്നു വാങ്ങാനാണ് (9,00,000/-രൂപ). 2016-17 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ, സ്പിൽ ഓവർ പ്രവൃത്തികളുടെ തുകയാണ് 30% ചെലവ്. അവശേഷിക്കുന്ന 10% തുക മാത്രമാണ് തൻവർഷത്തെ പദ്ധതികൾക്കായി ചെലവഴിച്ചത്. അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം ചെയ്യാനുള്ള ഏഴ് പദ്ധതികളിൽ, 31,400/- രൂപ ചെലവ് വരുന്ന ഒരു പ്രൊജക്റ്റ് മാത്രമാണ് തൻവർഷം ചെലവു നടന്നിട്ടുള്ളത്. ബാക്കി ആറു പദ്ധതികളും നടപ്പാക്കിയില്ല. മറ്റു പഞ്ചായത്തുകളെ അപേക്ഷിച്ച് നാമമാത്ര പ്രവർത്തികൾ മാത്രം നടത്തി വരുന്ന കീഴരിയൂർ പഞ്ചായത്തിൽ സമയ ബന്ധിതമായി പദ്ധതി നിർവ്വഹണം നടക്കുന്നില്ലയെന്നത് ഗുരുതര വീഴ്ചയാണ്. പഞ്ചായത്തിന് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത പല വർക്കിംഗ് ഗ്രൂപ്പുകളിലും ചർച്ചയായിട്ടുണ്ടെങ്കിലും, ഇവ സമയബന്ധിതമായി പരിഹരിക്കുന്നതിനുള്ള ഇടപെടൽ ഉണ്ടായിട്ടില്ലെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കാതിരുന്ന ആറ് പദ്ധതികളിൽ അഞ്ചെണ്ണം 2018-19 വർഷത്തേയ്ക്ക് സ്പിൽ ഓവർ പ്രവൃത്തിയായി ഉൾപ്പെടുത്തിയിട്ടുണ്ട്. പദ്ധതികൾ സമയബന്ധിതമായി നിർവ്വഹിക്കാത്തതു മൂലം ഒരു വർഷത്തേയ്ക്ക് ലഭിച്ച പദ്ധതി വിഹിതത്തിൽ നിന്നും മുൻവർഷത്തെ പദ്ധതികൾക്കുള്ള ചെലവുകൂടി കണ്ടെത്തേണ്ട അവസ്ഥയുണ്ടാകുന്നു. ഇത് പഞ്ചായത്തിനർഹമായ ഫണ്ടുകൾ നഷ്ടപ്പെടാൻ കാരണമാകുന്നു. ഫണ്ടുകൾ ലഭ്യമായിട്ടും ചെലവു ശതമാനത്തിലുണ്ടായ കുറവ് വിശദീകരിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-12 വയോജന പാർക്ക് തുറസ്സായ സ്ഥലത്ത് നിർമ്മാണം

എസ്.ഒ.098/018

വയോജനങ്ങൾക്ക് പാർക്ക് നിർമ്മാണത്തിന് 125000 രൂപ വികസനഫണ്ട് വകയിരുത്തുകയും, ഓഡിറ്റ് വർഷം 91845 രൂപ ചെലവഴിക്കുകയും ചെയ്തു. പഞ്ചായത്ത് ഓഫീസിന് മുൻഭാഗം റോഡിനോട് ചേർന്ന് മതിൽ കെട്ടി, മതിൽ/നിലം ടൈൽ പാകി,ഇരിപ്പിടം കോൺക്രീറ്റ് ചെയ്ത്, അതിന് മുകളിൽ ഗ്രാനൈറ്റ് വിരിച്ചതാണ് മേൽ ചെലവിനാധാരം. രണ്ട് റോഡുകൾ കൂടി ചേരുന്ന ഒരു ജംഗ്ഷനിലാണ് പ്രവൃത്തി നടപ്പിലാക്കിയിട്ടുള്ളത്. വളരെയധികം വാഹനാപകട സാദ്ധ്യതയുള്ള സ്ഥലത്താണ് വൃദ്ധർക്ക് പാർക്ക് എന്ന പേരിൽ ഇരിപ്പിടം നിർമ്മിച്ച് നൽകിയത്. പാർക്കിൽ യാതൊരു സുരക്ഷിതത്വവും കാണുന്നില്ല. കൂടാതെ ഇരിപ്പിടത്തിന് മുകളിൽ വെയിൽ കൊള്ളാതിരിയ്ക്കാൻ മേൽക്കൂരയും നിർമ്മിച്ചിട്ടില്ല. വകയിരുത്തിയ തുക ചെലവഴിയ്ക്കാൻ മാത്രം ഇത്തരത്തിൽ ഒരു പദ്ധതി വിഭാവനം ചെയ്തത് വിശദീകരിയ്ക്കേണ്ടതാണ്.

## 3-13 <u>സേവാഗ്രാമകേന്ദ്രം ഫർണിച്ചർ - അവശേഷിക്കുന്നവ കൈപ്പറ്റാതെ പഞ്ചായത്തിൽ സൂക്ഷിക്കുന്നു.</u>

പ്രോജക്ട് നമ്പർ : 79/016

പി.ഒ.സി. നമ്പർ : 10975723/26.3.2016

(പയ്യോളി സബ് ട്രഷറി ഓഫീസർ)

ഗ്രാമകേന്ദ്രത്തിൽ ആവശ്യമായ ഫർണിച്ചർ വാങ്ങുന്നതിന് തയ്യാറാക്കിയ മേൽ പദ്ധതി പ്രകാരം 37739 രൂപ 2017-18 വർഷം ചെലവഴിച്ച് 10 മേശയും കസേരയും പഞ്ചായത്ത് വാങ്ങിയിട്ടുണ്ട്. 1, 3, 5, 7, 8, 9, 10, 11, 13 എന്നീ വാർഡുകളിലെ മെമ്പർമാരുടെ അപേക്ഷ പ്രകാരം മേശയും കസേരയും അനുവദിച്ചതായി ഫയലിൽ കാണുന്നു. എന്നാൽ സ്റ്റോക്ക് പ്രകാരം 3, 4, 8, 10 എന്നീ ക്രമനമ്പറിലെ മേശയും കസേരയും പഞ്ചായത്തിൽ സൂക്ഷിച്ചതായി കാണുന്നു. 2017-18 വർഷ പദ്ധതിയിലെ ഫർണിച്ചർ 2018-19 വർഷത്തിലും ഉത്തരവാദപ്പെട്ടവർ കൈപ്പറ്റാത്തത് ആവശ്യകതയ്ക്ക് അനുസരിച്ച് അല്ല ഫർണിച്ചർ വാങ്ങുന്നത് എന്ന് വ്യക്തമാകുന്നു.

അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണ്.

## 3-14 <u>അഗതി- ആശ്രയ പദ്ധതിയിൽ പെട്ടവർക്ക് ഭക്ഷണ വിതരണം നടത്തുന്നില്ല.</u>

പഞ്ചായത്തിലെ അഗതി ആശ്രയ പദ്ധതിയിൽ രണ്ട് പ്രൊജക്ടുകൾ നടപ്പിലാക്കുന്നുണ്ട്. ആശ്രയ ഒന്നാം ഘട്ടം, ആശ്രയ രണ്ടാം ഘട്ടം. ഒന്നാം ഘട്ടത്തിലും രണ്ടാം ഘട്ടത്തിലും 53 പേർ വീതം ആകെ 106 പേരാണ് ഗുണഭോക്താക്കളായി ഉള്ളത്. മൂന്നാം ഘട്ടത്തിൽ സർവ്വേ നടത്തിയിട്ടുണ്ട്. ഇത് പ്രകാരം ആകെ 142 പേരാണ് ഉള്ളത്.

രണ്ടാം ഘട്ടമാണ് ഇപ്പോൾ നടന്നു കൊണ്ടിരിക്കുന്നത്. ഇത് 18.12.2013 ൽ 8 ാം നമ്പർ തീരുമാനപ്രകാരം പഞ്ചായത്ത് അംഗീകരിച്ചിട്ടുണ്ട്. ഇതനുസരിച്ച് താഴെ പറയുന്നവർക്ക് അതിനു നേരെ സൂചിപ്പിച്ച സഹായങ്ങൾ ലഭ്യമാക്കുന്നുണ്ട്.

| ക്രമ നമ്പർ | വേണ്ട സഹായം | ഗുണഭോക്താക്കളുടെ എണ്ണം. |
|---|---|---|
| 1 | ഭക്ഷണം | 105 |
| 2 | ചികിത്സ | 45 |
| 3 | വസ്ത്രം. | 105 |
| 4 | വീട് | 16 |
| 5 | വീട് റിപ്പയർ | 1 |
| 6 | വിദ്യാഭ്യാസം | 10 |
| 7 | കുടിവെള്ളം | 3 |

I) ഇതിൽ ഭക്ഷണം വിതരണം ചെയ്യുന്ന പ്രവൃത്തി മാത്രമാണ് ഇതുവരെ നടത്തിക്കൊണ്ടിരിക്കുന്നത്. എന്നാൽ 21.8.2018 ന് ശേഷം ആശ്രയ അക്കൗണ്ടിൽ പണം ഇല്ലാത്തത് കാരണം ഭക്ഷണം നൽകാൻ കഴിഞ്ഞിട്ടില്ല.

ചലഞ്ച് ഫണ്ട് അക്കൗണ്ടിൽ (നം- 40223101039887- KGB) 1.4.2017 ലെ മുന്നിരിപ്പ് 4,05,830 രൂപയും 31.3.2018 ലെത് 1,88,404 രൂപയുമാണ്. 1.10.2018 ലെ നീക്കിയിരിപ്പ് 17,920 രൂപയുമാണ്. 2018-19 സാമ്പത്തിക വർഷത്തിൽ 21.8.2018 ലാണ് അവസാനമായി ഭക്ഷണം വിതരണം നടത്തിയത്.

ആശ്രയ പദ്ധതിക്കായി ചലഞ്ച് ഫണ്ടിനത്തിൽ 2006-09 കാലഘട്ടത്തിൽ 10,00,000 രൂപയും, 26. 7.2016 ന് 3,18,995 രൂപയും ലഭിച്ചതിൽ നിന്നാണ് ഇതുവരെയുള്ള ഭക്ഷണത്തിനുള്ള തുക നൽകിയിരുന്നത്.

II) ജില്ലാ പഞ്ചായത്തിൽ നിന്നും 2012 മാർച്ചിന് മുമ്പായി ആശ്രയ ഗുണഭോക്താക്കൾക്ക് ഭൂമി വാങ്ങുന്നതിനായി 3,15,000 രൂപ ലഭിച്ചിരുന്നെങ്കിലും 2,25,000 രൂപയേ അതിൽ നിന്നും ചെലവഴിച്ചുള്ളൂ. ശേഷിച്ച തുക 90,000 രൂപ കുടുംബശ്രീയുടെ തനത് ഫണ്ട് അക്കൗണ്ടിൽ അവശേഷിക്കുന്നു.

ആശ്രയ ഗുണഭോക്താക്കൾക്ക് നിലവിൽ ഭക്ഷണം നൽകാനുള്ള നടപടികൾ സ്വീകരിക്കാത്തതിനും, ജില്ലാപഞ്ചായത്ത് വിഹിതം വിനിയോഗിക്കാത്തതിന്റേയും കാരണം വ്യക്തമാക്കേണ്ടതാണ്.

## 3-15 അജൈവ മാലിന്യം കൈയ്യൊഴിയൽ - പ്രൊജക്റ്റ് നടത്തിപ്പിലെ പോരായ്മ.

പ്രൊജക്റ്റ്- അജൈവ മാലിന്യം കൈയ്യൊഴിയൽ

പ്രൊജക്റ്റ് നമ്പർ- 118/18

നിർവ്വഹണം- വി ഇ ഒ

അടങ്കൽ- 5,50,667 രൂപ (വികസന ഫണ്ട്)

ചെലവ്- 1,98,135 രൂപ ( bill no. 11/17-18 dtd 9.03.2018)

കുടുംബശ്രീ, വാർഡ് ശുചിത്വസമിതി, എന്നിവർ ശേഖരിക്കുന്ന അജൈവ മാലിന്യങ്ങൾ സംസ്കരണ കേന്ദ്രങ്ങളിൽ എത്തിക്കുന്നതിനുള്ള വാഹന സൗകര്യത്തിനുള്ള ചെലവായാണ് മേൽ തുക വകയിരുത്തിയിരിക്കുന്നത്.

ഇതനുസരിച്ച് 07.3.2017 ന് ടെൻഡർ ക്ഷണിക്കുകയും കളർ കേരള എന്ന സ്ഥാപനം ക്യൂബിക് മീറ്ററിന് 595 രൂപ നിരക്കിൽ ടെൻഡർ ഏറ്റെടുക്കുകയും ചെയ്തു. തുടർന്ന് 333 ക്യൂബിക് മീറ്റർ മാലിന്യം ശേഖരിച്ചതിനായി മേൽ തുക നൽകുകയും ചെയ്തു. വീടുകളിൽ നിന്ന് വീട്ടുകാർ / സന്നദ്ധ പ്രവർത്തകർ മാലിന്യം ശേഖരിച്ച് വാർഡുകളിലെ ഓരോ കേന്ദ്രങ്ങളിൽ എത്തിക്കുകയും അവിടെ നിന്ന് കളർ കേരള ലോറികളിൽ ശേഖരിച്ച് സംസ്ഥാനത്തിന് പുറത്തേക്ക് കൊണ്ട് പോവുകയുമാണ് ചെയ്തു വരുന്നത്.

സ ഉ (സാധാ) നമ്പർ 2420/2017 തസ്വഭവ തീ 15.7.2017 ൽ വിവിധ തരത്തിലുള്ള മാലിന്യങ്ങൾ എങ്ങനെ സംസ്കരിക്കണമെന്ന് വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. ഇതനുസരിച്ച് ഹരിതകർമ്മസേന രൂപീകരിക്കാനും ജൈവ മാലിന്യങ്ങളും, അജൈവ മാലിന്യങ്ങളും എങ്ങനെയെല്ലാം തരം തിരിക്കണമെന്നും/ സംസ്കരിക്കണമെന്നും വ്യക്തമാക്കിയിട്ടുണ്ട്.

മാലിന്യ സംസ്കരണത്തിന്റെ പൊതു സമീപനം എന്നത്, ഓരോ തദ്ദേശ സ്വയം ഭരണസ്ഥാപനത്തിന്റെയും പരിധിയിൽ വരുന്ന ഭൂപ്രദേശം മാലിന്യമുക്തമാക്കണം എന്നതാണ്. ഇതിനായി എളുപ്പം ചീഞ്ഞളിയാനിടയുള്ള ജൈവമാലിന്യം ഉറവിടത്തോട് ഏറ്റവും അടുത്ത് അതതു ദിവസം തന്നെ സംസ്കരിക്കുകയും, പുന:ചംക്രമണത്തിലൂടെ സംസ്കരിക്കേണ്ട പ്ലാസ്റ്റിക്കും, ചില്ല് ലോഹവുമടക്കമുള്ള മാലിന്യങ്ങൾ കൃത്യമായും ഇടവേളകളിൽ ശേഖരിച്ച് സംസ്കരണ കേന്ദ്രങ്ങളിലേക്ക് അയയ്ക്കുകയും ചെയ്യുക എന്നതുമായിരിക്കണം.

പരിശോധനയിൽ കണ്ടെത്തിയ കാര്യങ്ങൾ

1) സ.ഉ. (സാധാ) നമ്പർ 2420/2017 തസ്വഭവ തീ 15.7 .2017 പ്രകാരം ഹരിതകർമ്മസേന രൂപീകരിക്കുകയും, വിവിധ തരത്തിലുള്ള മാലിന്യങ്ങൾ എങ്ങനെ സംസ്കരിക്കണമെന്ന് കാണിക്കുന്ന കാഴ്ചപ്പാടോടെ പ്രൊജക്റ്റുകൾ രൂപീകരിച്ചില്ല. പകരം അജൈവ മാലിന്യം സംഭരണ കേന്ദ്രങ്ങളിലേക്ക് കൊണ്ടുപോകുന്നതിന്റെ വാഹന വാടക നൽകുക മാത്രമാണ് ചെയ്തത്.

2) മാലിന്യം ഉറവിടത്തിൽ തന്നെ കുറയ്ക്കുന്നതിനും, ജൈവമാലിന്യം എന്ത് ചെയ്യണമെന്നതിനെ കുറിച്ചുള്ള കാഴ്ചപ്പാട് ഉണ്ടാക്കിയിട്ടില്ല.

3) പഞ്ചായത്തിലെ മാലിന്യം എങ്ങനെ കൈകാര്യം ചെയ്യണമെന്നതിനെക്കുറിച്ച് ഒരു സമഗ്ര കാഴ്ചപ്പാട് തയ്യാറാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും, ഈ പ്രൊജക്റ്റ് കുറ്റമറ്റ രീതിയിൽ നടപ്പാക്കേണ്ടതുമാണ്.

## 3-16 മുഴുവൻ തുകയ്ക്കുള്ള മരുന്ന് ലഭിച്ചില്ല

മെഡിക്കൽ ഓഫീസർ പി.എച്ച്.സി., നിർവ്വഹണോദ്യോഗസ്ഥനായി പ്രാഥമികാരോഗ്യ കേന്ദ്രത്തിലേയ്ക്കും, പെയിൻ ആന്റ് പാലിയേറ്റീവ് രോഗികൾക്കുമായി മരുന്നും, വിവിധ ചികിത്സോപാധികളും വാങ്ങുന്നതിനായി താഴെ ചേർക്കും പ്രകാരം കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് തുക നൽകിയിട്ടുണ്ട്. തുക കൈമാറി ഒരു വർഷമായിട്ടും മരുന്നു മുഴുവനായി ലഭിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ടിന്റെ പേര് / നമ്പർ | പി.എച്ച്.സി.യിലേയ്ക്ക് മരുന്നു വാങ്ങൽ, 108/18 | പെയിൻ ആന്റ് പാലിയേറ്റീവ് ഹോം കെയർ, 76/18 |
|---|---|---|
| അടങ്കൽ | 1,00,000/-( സംരക്ഷണഗ്രാന്റ് റോഡിതരം) | 5,50,000/-( വികസനഫണ്ട് ജനറൽ) |
| ചെലവ് | 1,00,000/- ബിൽ നം.7/17-18/9.1.2018 | 1,22,583/-ബിൽ നം.6/17-18/9.11.2017 |

| | | |
|---|---|---|
| ലഭ്യമായ മരുന്നിന്റെ വില | 36,584/- | 87,538/- |
| ലഭിക്കാൻ ബാക്കിയുള്ള മരുന്ന് | 63,416/- | 35,045/ |

പി.എച്ച്.സി.യിലേയ്ക്ക് 63,416/- രൂപയുടേയും, പെയിൻ ആന്റ് പാലിയേറ്റീവ് രോഗികൾക്കായി 35,045/- രൂപയുടേയും മരുന്ന് ലഭിക്കാൻ ബാക്കിയുണ്ട്. കിടപ്പു രോഗികളായ/അവശരായ പെയിൻ ആന്റ് പാലിയേറ്റീവ് പദ്ധതിയിലെ രോഗികൾക്ക് അടിയന്തിരമായി ലഭ്യമാക്കേണ്ട മരുന്നുകൾ ഒന്നേകാൽ വർഷം കഴിഞ്ഞിട്ടും ലഭിക്കാതിരിക്കുന്നത് പദ്ധതിയുടെ ഉദ്ദേശലക്ഷ്യത്തെ ബാധിക്കുന്നുണ്ട്. കെ.എം.എസ്.സി.എൽ.ലിൽ നിന്നും ലഭ്യമാക്കാത്ത മരുന്നുകൾ ആവശ്യമായ പല രോഗികളും ഈ നീണ്ട കാലയളവിനുള്ളിൽ തന്നെ മരണപ്പെട്ടിട്ടുണ്ടാവാം. പ്രസ്തുത മരുന്നുകൾ മുഴുവനായി ലഭ്യമാകുന്നതിനു മുമ്പേ 2018-19 വർഷത്തിലും ഇതേ രീതിയിൽ തുക വീണ്ടും കൈമാറിട്ടുണ്ട്. മരുന്നു മുഴുവനായി ഇതുവരെ ലഭിക്കാത്തതിന്റെ കാരണവും, ഇതിനായി സ്വീകരിച്ച നടപടിയും അറിയിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്കുള്ള മറുപടിയിൽ പി.എച്ച്.സി.യിലേയ്ക്ക് 77,877/- രൂപയ്ക്കുള്ള മരുന്നും, പാലിയേറ്റീവ് കെയറിലേയ്ക്ക് 87,720/- രൂപയുടെ മരുന്നും ലഭിച്ചുവെന്നും, മരുന്നു ലഭ്യമാക്കുന്നതിന് സ്ഥാപനവുമായി നിരന്തരം ബന്ധപ്പെടുന്നുണ്ടെന്നുമാണ് വിശദീകരിച്ചത്. എന്നാൽ മരുന്നു സ്റ്റോക്കിലെടുത്തതിന്റെ വിശദാംശം പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ആകെ ലഭ്യമാകാൻ ബാക്കിയുള്ള മരുന്നിന്റെ വില 98,461/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-17 ശമ്പള പരിഷ്കരണ കുടിശ്ശിക – ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ കുടിശ്ശിക അടവാക്കിയില്ല

സ. ഉ. (പി)7/2016/ഫിൻ തീ. 20.01.2016 പ്രകാരം ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുന്നതിനും, 07/2014 മുതൽ 01/2016 വരെയുള്ള ശമ്പള കുടിശ്ശിക 4 ഗഡുക്കളായി അനുവദിക്കുന്നതിനും ഉത്തരവായിട്ടുണ്ട്. ഇത് പ്രകാരം ഗ്രാമ പഞ്ചായത്ത് ജിവനക്കാരുടെ ശമ്പളം പരിഷ്കരിക്കുകയും 2017-18 സാമ്പത്തികവർഷത്തിൽ ജീവനക്കാരുടെ ശമ്പളകുടിശ്ശികയുടെ 1, 2 ഗഡുക്കൾ ചുവടെ ചേർത്തിരിക്കുന്ന പ്രകാരം പ്രൊവിഡന്റ് ഫണ്ടിൽ അടവാക്കുകയും ചെയ്തിട്ടുണ്ട്.

| ഗഡു | വൗച്ചർ നം, തീയതി | തുക |
|---|---|---|
| I | 21700155/29.06.2017 | 1,56,119 |
| | 21700235/18.07.2017 | 52,600 |
| | 21700426/14.11.2017 | 16,341 |
| II | 21700/27.12.2017 | 1,67,262 |

മേൽ ഉത്തരവിലെ ഖണ്ഡിക 48 പ്രകാരം ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ട് പുതുക്കിയ ശമ്പള നിരക്കിലുള്ള പെൻഷൻ കോൺട്രിബ്യൂഷൻ കുടിശ്ശിക അടവാക്കേണ്ടതാണ് എന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ 1, 2 ഗഡുക്കൾ അടവാക്കിയ ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയതായി കാണുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| പേര് , തസ്തിക | ശമ്പള പരിഷ്കരണത്തിന് ശേഷമുള്ള തുക | | ശമ്പള പരിഷ്കരണത്തിന് മുമ്പുള്ള തുക | | വ്യത്യാസം |
|---|---|---|---|---|---|
| ശ്രീമതി. സുനിലകുമാരി, അസി. സെക്രട്ടറി | 39500x6x15/100 (7/14-12/14) | 35550 | 19740x6x15/100 | 17766 | 17784 |

| | | | | | |
|---|---|---|---|---|---|
| | 38226x1x15/100 (1/15) | 5734 | 19103x1x15/100 | 2865 | 2869 |
| | 39500x1x15/100 (2/15) | 5925 | 19740x1x15/100 | 2961 | 2964 |
| | 40500x6x15/100 (3/15-8/15) | 36450 | 20240x6x15/100 | 18216 | 18234 |
| | 39194x1x15/100 (9/15) | 5879 | 19587x1x15/100 | 2938 | 2941 |
| | 40500x3x15/100 (10/15-12/15) | 18225 | 20240x3x15/100 | 9108 | 9117 |
| | 39194x1x15/100 (1/16) | 5879 | 19587x1x15/100 | 2938 | 2941 |
| ശ്രീ. ശശി, ഹെഡ് ക്ലാർക്ക് | 32300x5x15/100 (7/14-11/14) | 24225 | 16180x5x15/100 | 12135 | 12090 |
| | 33100x1x15/100 (12/14) | 4965 | 16580x1x15/100 | 2487 | 2478 |
| | 32032x1x15/100 (1/15) | 4805 | 16315x1x15/100 | 2447 | 2358 |
| | 33100x7x15/100 (2/15-8/15) | 34755 | 16580x7x15/100 | 17409 | 17346 |
| | 32032x1x15/100 (9/15) | 4805 | 16315x1x15/100 | 2447 | 2358 |
| | 33100x2x15/100 (10/15-11/15) | 9930 | 16580x2x15/100 | 4974 | 4956 |
| | 33900x1x15/100 (12/15) | 5085 | 16980x1x15/100 | 2547 | 2538 |
| | 32806x1x15/100 (1/16) | 4921 | 16432x1x15/100 | 2465 | 2456 |
| ശ്രീ.പ്രകാശൻ, അക്കൗണ്ടന്റ് | 31500x6x15/100 (7/14-12/14) | 28350 | 15780x6x15/100 | 14202 | 14148 |
| | 30484x1x15/100 (1/15) | 4573 | 15271x1x15/100 | 2291 | 2282 |
| | 31500x5x15/100 (2/15-6/15) | 23625 | 15780x5x15/100 | 11835 | 11790 |
| | 32300x2x15/100 | 9690 | 16180x2x15/100 | 4854 | 4836 |

| | | | | | |
|---|---|---|---|---|---|
| | (7/15-8/15) | | | | |
| | 31258x1x15/100 (9/15) | 4689 | 15658x1x15/100 | 2349 | 2340 |
| | 32300x3x15/100 (10/15-12/15) | 14535 | 16180x3x15/100 | 7281 | 7254 |
| | 31258x1x15/100 (1/16) | 4689 | 15658x1x15/100 | 2349 | 2340 |
| ശ്രീ. സജീവൻ, സീനി. ക്ലാർക്ക് | 29200x4x15/100 (7/14-10/14) | 17520 | 14620x4x15/100 | 8772 | 8748 |
| | 29900x2x15/100 (11/14-12/14) | 8970 | 14980x2x15/100 | 4494 | 4476 |
| | 28935x1x15/100 (1/15) | 4340 | 14497x1x15/100 | 2175 | 2165 |
| | 29900x7x15/100 (2/15-8/15) | 31395 | 14980x7x15/100 | 15729 | 15666 |
| | 28935x1x15/100 (9/15) | 4340 | 14497x1x15/100 | 2175 | 2165 |
| | 29900x1x15/100 (10/15) | 4485 | 14980x1x15/100 | 2247 | 2238 |
| | 30700x2x15/100 (11/15-12/15) | 9210 | 15380x2x15/100 | 4614 | 4596 |
| | 29710x1x15/100 (1/16) | 4457 | 14884x1x15/100 | 2233 | 2224 |
| ശ്രീ. സേതുമാധവൻ, ക്ലാർക്ക് | 21100x6x15/100 (7/14-12/14) | 18990 | 10210x6x15/100 | 9189 | 9801 |
| | 20419x1x15/100 (1/15) | 3063 | 9881x1x15/100 | 1482 | 1581 |
| | 21100x7x15/100 (2/15-8/15) | 22155 | 10210x7x15/100 | 10721 | 11434 |
| | 20419x1x15/100 (9/15) | 3063 | 9881x1x15/100 | 1482 | 1581 |
| | 21100x3x15/100 (10/15-12/15) | 9495 | 10210x3x15/100 | 4595 | 4900 |
| | 20419x1x15/100 (1/16) | 3063 | 9881x1x15/100 | 1482 | 1581 |

| | | | | | |
|---|---|---|---|---|---|
| ശ്രീമതി. ഷാലിമ. ക്ലാർക്ക് | 20000x8x15/100 (7/14-2/15) | 24000 | 9940x8x15/100 | 11928 | 12072 |
| | 20550x10x15/100 (3/15-12/15) | 30825 | 10210x10x15/100 | 15315 | 15510 |
| | 19887x1x15/100 (1/16) | 2983 | 9881x1x15/100 | 1482 | 1501 |
| ശ്രീമതി. സക്കീന, ക്ലാർക്ക് | 22800x6x15/100 (7/14-12/14) | 20520 | 11020x6x15/100 | 9918 | 10602 |
| | 22065x1x15/100 (1/15) | 3310 | 10665x1x15/100 | 1600 | 1710 |
| | 22800x7x15/100 (2/15-8/15) | 23940 | 11020x7x15/100 | 11571 | 12369 |
| | 22065x1x15/100 (9/15) | 3310 | 10665x1x15/100 | 1600 | 1710 |
| | 22800x3x15/100 (10/15-12/15) | 10260 | 11020x3x15/100 | 4959 | 5301 |
| | 22065x1x15/100 (1/16) | 3310 | 10665x1x15/100 | 1600 | 1710 |
| ശ്രീ. സുധാകരൻ, സീനി. ക്ലാർക്ക്(റിട്ട.) | 29200x6x15/100 (7/14-12/14) | 26280 | 14620x6x15/100 | 13158 | 13122 |
| | 28258x1x15/100 (1/15) | 42387 | 14148x1x15/100 | 2122 | 40265 |
| | 29200x5x15/100 (2/15-6/15) | 21900 | 14620x5x15/100 | 10965 | 10935 |
| | 29900x2x15/100 (7/15-8/15) | 8970 | 14980x2x15/100 | 4494 | 4476 |
| | 28935x1x15/100 (9/15) | 4340 | 14207x1x15/100 | 2131 | 2209 |
| | 29900x3x15/100 (10/15-12/15) | 13455 | 14980x3x15/100 | 6741 | 6714 |
| | 28935x1x15/100 (1/16) | 4340 | 14207x1x15/100 | 2131 | 2209 |
| ശ്രീ. വിബേഷ്, സീനി. ക്ലാർക്ക് | 27150x4x15/100 (7/14-10/14) | 16290 | 13210x4x15/100 | 7926 | 8364 |
| | 27800x2x15/100 | 8340 | 13540x2x15/100 | 4062 | 4278 |

| | | | | | |
|---|---|---|---|---|---|
| | (11/14-12/14) | | | | |
| | 26903x1x15/100 (1/15) | 4035 | 13103x1x15/100 | 1965 | 2070 |
| | 27800x9x15/100 (2/15-10/15) | 37530 | 13540x9x15/100 | 18279 | 19260 |
| | 28500x2x15/100 (11/15-12/15) | 8550 | 13900x2x15/100 | 4170 | 4380 |
| | 27580x1x15/100 (1/16) | 4137 | 13452x1x15/100 | 2018 | 2119 |
| ശ്രീമതി. ഉഷ. ടി. കെ, സെക്രട്ടറി (റിട്ട.) | 51600x5x15/100 (7/14-11/14) | 38700 | 24660x5x15/100 | 18495 | 20205 |
| | 52800x1x15/100 (12/14) | 7920 | 25280x1x15/100 | 3792 | 4128 |
| | 51097x1x15/100 (1/15) | 7665 | 24465x1x15/100 | 3670 | 3995 |
| | 52800x10x15/100 (2/15-11/15) | 79200 | 25280x10x15/100 | 37920 | 41280 |
| | 54000x2x15/100 (12/15-1/16) | 16200 | 25900x2x15/100 | 7770 | 8430 |
| | | | | | 562500 |

പ്രതിമാസ വരവുചെലവു കണക്കുകൾ പരിശോധിക്കുമ്പോൾ തന്നെ അധികരിച്ച ശമ്പളത്തെതുടർന്നുള്ള പെൻഷൻവിഹിതം ഒടുക്കുന്നതിലേക്ക് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിററി നടപടി സ്വീകരിക്കേണ്ടതായിരുന്നു. പങ്കാളിത്ത പെൻഷൻ പദ്ധതി യിൽ ഉൾപ്പെടുന്നവർ ഒഴികെയുള്ള ജീവനക്കാരുടെ ശമ്പള പരിഷ്കരണ കുടിശ്ശികക്ക് ആനുപാതികമായി പെൻഷൻ വിഹിതം സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾക്കനുസൃതമായി ഒടുക്കാൻ സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 400000 | ക്ഷീരകർഷകർക്ക് പാലളവിന് ഇൻസെന്റീവ് | 4,00,000 | - |
| | | 85,000 | നെൽക്കൃഷി വികസന പദ്ധതി | 85,000 | - |

| | | | | | |
|---|---|---|---|---|---|
| | | 17,000 | പച്ചക്കറി കൃഷി വ്യാപനം | 17,000 | - |
| | | 100000 | അങ്കണവാടി പൂരക പോഷകാഹാരം | 1,00,000 | - |
| ജില്ലാ പഞ്ചായത്ത് | | 1,00,000 | ക്ഷീരകർഷകർക്ക് പാലളവിന് ഇൻസെന്റീവ് | 1,00,000 | |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന പദ്ധതി | സ.ഉ(സാധാ). 407/2010/തസ്വഭവ | 131657 | 131657 | - | 0 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-00 | 27(a) | 2003-04 (പൊതുപരാമർശം) | 11.13.7.7 | നികുതി പിരിവിൽ അലംഭാവം | |
| 1999-00 | | 2003-04 | 11.14 | ഭവനനിർമ്മാണം പട്ടികജാതി | |
| | | 2012-13 | 3.4.5.19 | തൊഴിലുറപ്പ് പദ്ധതി രജിസ്ട്രേഷൻ കാർഡ് വിതരണം | |

| | | | | | |
|---|---|---|---|---|---|
| | | | 3.4.5 | തൊഴിലിന് അപേക്ഷിക്കൽ- തൊഴിൽ ലഭ്യമാക്കൽ-MNREGS | |
| | | | 3.4.5.3 | ഗ്രാമസഭകളുടെ പ്രവർത്തനം | |
| | | | 3.4.5.10 | വേതനവിതരണത്തിലെ കാലതാമസം | |
| | | | 3.4.5.17 | തൊഴിലുറപ്പ് പദ്ധതി പ്രകാരം തസ്തികകൾ സൃഷ്ടിച്ചില്ല | |
| | | | 3.4.5.13 | ജാഗ്രത മേൽനോട്ട കമ്മറ്റി തൃപ്തികരമല്ല | |
| | | 2014-15 (അവലോകനം | 4.3.2 | 60 വയസ്സ് പൂർത്തിയാകാത്തവർക്കും പെൻഷൻ | |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

വിവരം ലഭ്യമല്ല.

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

വിവരം ലഭ്യമല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 4,09,88,368 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 3,76,81,251 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 6,20,441 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

-ഇല്ല-

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | അപാകത പരിഹരിക്കാൻ നടപടി സ്വീകരിക്കേണ്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപേരും |
|---|---|---|---|
| 3-8 | 3,21,980 | ശ്രീമതി. സിനി. പി, അസി.എഞ്ചിനീയർ | ശ്രീ. റഫീഖ്. സി. കെ, സെക്രട്ടറി, ശ്രീമതി. സുബിഷ. വി.വി, അസി.എഞ്ചിനീയർ |
| 3-10 | 2,00,000 | ഡോ. ഷസ്ന മുഹമ്മദലി, വെറ്ററിനറി സർജൻ | ശ്രീ. റഫീഖ്. സി. കെ, സെക്രട്ടറി, ഡോ. ഷസ്ന മുഹമ്മദലി, വെറ്ററിനറി |

| | | | |
|---|---|---|---|
| | | | സർജൻ |
| 3-16 | 35,045 | ഡോ. വിക്രം. വി. വിമെഡിക്കൽ ഓഫീസർ | ശ്രീ. റഫീഖ്. സി. കെ, സെക്രട്ടറി, ഡോ. വിക്രം. വി. വിമെഡിക്കൽ ഓഫീസർ |
| | 63,416 | | |
| | 6,20,441 | | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ. ഷസ്ന മുഹമ്മദലി, വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ, വൈറ്ററിനറി ഡിസ്പൻസറി,<br>കീഴരിയൂർ ഗ്രാമ പഞ്ചായത്ത് | കൊല്ലം കണ്ടിയിൽ, ചെരണ്ടത്തൂർ പി.ഓ<br>673541 |
| ശ്രീമതി. സിനി. പി,<br>അസി.എഞ്ചിനീയർ | -- | കല്ലൂർ വീട്, പെരുമ്പുഴ പി.ഒ, കേരളപുരം, കൊല്ലം<br>691504 |
| ഡോ. വിക്രം. വി. വി.<br>മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ, പ്രൈമറി ഹെൽത്ത് സെന്റർ<br>കീഴരിയൂർ ഗ്രാമ പഞ്ചായത്ത് | ചിരാഗ്, കോതമംഗലം |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1997-98 | കെ.എസ്.എ.കെ.കെ.ഡി. പി1/1315 /2018(1) | 2 | 30(1), (2) |
| 1999-00 | കെ.എസ്.എ.കെ.കെ.ഡി/പി1 /1315/2018(2) തീയതി 01.08.2018 | 2 | 27(എ), 38 |
| 2001-02 | കെ.എസ്.എ.കെ.കെ.ഡി.പി1/1315 /2018(3) തീയതി 01.08.2018 | 2 | 12, 13 |
| 2004-05 | എൽ.എഫ്.കെ.കെ.ഡി.പി1/1315/2018(5) തീയതി 01.08.2018 | 2 | 3-8, 3-9 |

| | | | |
|---|---|---|---|
| 2006-07 | കെ.എസ്.എ.കെ.കെ.ഡി. പി1/1315 /2018(7)തീ. 01.08.2018 | 2 | 3-1, 4-4 |
| 2007-08 | കെ.എസ്.എ.കെ.കെ.ഡി. പി1/1315 /2018(8)തീ. 01.08.2018 | 1 | 3-9 |
| 2008-09 | കെ.എസ്.എ.കെ.കെ.ഡി.പി1/1315 /2018(9) തീയതി 01.08.2018 | 8 | 2-1, 2-2, 3-3, 3-4, 3-5, 3-6, 3-9, 4-3 |
| 2009-10 | കെ.എസ്.എ.കെ.കെ.ഡി.പി1/1315 /2018(10) തീയതി 01.08.2018 | 4 | 3-2, 3-5, 3-10, 3-12 |
| 2010-11,11-12 | കെ.എസ്.എ.കെ.കെ.ഡി.പി2/807/15 തീയതി 19.10.2015 | 13 | 1-5, 1-10, 3-2, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-13, 3-15, 4-4, 4-6 |
| 2012-13 | കെ എസ് എ കെ .കെ ഡി/പി2/17/2015 തീയതി 06.01.2015 | 7 | 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7 |
| 2013-14, 2014-15 | കെ എസ് എ കെ .കെ ഡി./പി1 /4/2017തിയതി.23.03.2017 | 6 | 2-1, 3-1, 3-7, 3-10, 3-13, 3-17(7) |
| 2015-16 | കെ എസ് എ കെ .കെ ഡി./പി1/1720/2018 തീയതി 22.09.2018 | 8 | 2-1(1), 2-2, 3-2, 3-4, 3-5, 3-7, 3-8, 3-9, |
| 2016-17 | കെ എസ് എ കെ .കെ ഡി./പി1 /311/2018തിയതി.21.02.2018 | 18 | 2-2, 2-3, 2-7, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11,3-12, 3-16, 3-19, 4-9 |

ഡെപ്യൂട്ടി ഡയറക്ടർ

കോഴിക്കോട് ജില്ലാ ഓഡിറ്റ് കാര്യാലയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം -1

## ഓഡിറ്റ് സാക്ഷ്യപത്രം

നം:കെ.എസ്.എ..കെ.കെ.ഡി.പി.1/132/2019 തിയതി: 14.02.2019

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും കീഴരിയൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2017-18 ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു. എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച

ഡെപ്യൂട്ടി ഡയറക്ടർ

കോഴിക്കോട് ജില്ലാ ഓഡിറ്റ് കാര്യാലയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്